# വിദ്യാഭിവർദ്ധിനി.

"വിദ്യാധനം സർവ്വധനാൽ പ്രധാനം."

പു: 15. | 110 തുലാം | ലക്കം ൯.


## * തൻ്റെ കുഞ്ഞിനെ താൻ അറിയുക.


(ആർ. എം. നെടുമ്പള്ളി.)


അദ്ധ്യാപകവൃത്തിയിൽ, അനേകകാലത്തെ പരിചയംമൂലം ശിശുക്കൾ മാതാപിതാക്കന്മാരുടെ പ്രതിച്ഛായ മാത്രമാണെന്ന് എനിക്കറിയുവാൻ സാധിച്ചു.

കഴിഞ്ഞ ഒരു ദിവസം എൻ്റെ കൃത്യനിർവഹണാനന്തരം ഞാൻ ക്ലാസ് പിരിച്ചുവിട്ടപ്പോൾ, അദ്ധ്യേതാക്കളിൽനിന്നും അസാധാരണമായ സ്വരത്തിൽ പുറപ്പെട്ട, കൃതജ്ഞതാശബ്ദം, എന്നിൽ എന്തെന്നില്ലാത്ത ഒരു ക്ഷീണവും, വെറുപ്പും ഉളവാക്കി. ഇതിനുള്ള ഹേതു എന്തെന്നറിയുവാൻ ഞാൻ സ്വയം പ്രേരിതനായി. അന്നു രാവിലെ ഉണ്ടായ സംഭവങ്ങൾ എന്തെല്ലാമായിരുന്നുവെന്നു കണ്ടുപിടിക്കുവാനായി, ഞാൻ എൻ്റെ മനസ്സിനെ നിയോഗിച്ചു.

അന്നു വിദ്യാർത്ഥികൾ ക്ലാസിൽ, പെരുമാറ്റത്തുതന്നെ അസുഖമായ മട്ടിലായിരുന്നു. അദ്ധ്യേതാക്കളുടെ ഇടയിൽ പതിവിനു

* ഇംഗ്ലീഷിൽനിന്നും.

വിരുദ്ധമായി കണ്ട ഇളക്കവും അനുസരണക്കേടും ആ സമയം എ
ന്റെ ഹൃദയമുകുരത്തിൽ പ്രതിബിംബിച്ചു.

അന്നു രാവിലെ ഉണ്ടായ സംഭവങ്ങളുടെ രൂപം വീണ്ടും എ
ന്റെ മനസ്സിൽ ഉദിച്ചപ്പോൾ, സകലതിനും തെറ്റുകാരൻ ഞാൻ
തന്നെയാണെന്നു എനിക്കു ബോദ്ധ്യപ്പെട്ടു.

അന്നു ക്ലാസിൽ ഒന്നും തന്നെ ഭംഗിയായി നിവർത്തിക്കുവാൻ
സാധിച്ചിരുന്നില്ല.

അന്നു ഞാൻ ക്ലാസിൽ എത്തിയതു പതിവിൽ പത്തു മിനി
ട്ടു താമസിച്ചാണു്. നിത്യവും കയറിവരാറുള്ള വണ്ടി അന്നു ന
ഷ്ടപ്പെട്ടുകയാൽ അടുത്ത വണ്ടിക്കുവേണ്ടി കാത്തിരിക്കേണ്ടതായി വ
ന്നതാണു താമസത്തിനു കാരണം. അവിചാരിതമെങ്കിലും, നേരിട്ട
താമസം പ്രത്യക്ഷത്തിൽ ഒരു തെറ്റുതന്നെയെന്നു് എനിക്കു തോന്നി
യതിനാൽ ഒരു വിഷമത എന്നെ ബാധിച്ചു. എന്തിനു്, ചുരുക്കി
പ്പറഞ്ഞാൽ അന്നത്തെ പ്രാരംഭംതന്നെ വഴിതെററിയാണു് ആരംഭി
ച്ചതു്. നിസ്സാരങ്ങളെങ്കിലും നിരവധി സംഗതികൾ എന്റെ
മനസ്സിൽ കയറി ഒരു കലക്കമുണ്ടാക്കി. എന്നിൽ ആ പ്രകമ്പനം
പ്രകടിതമായിരുന്നില്ല എങ്കിൽ എന്റെ വിദ്യാർത്ഥികൾ രീതിയാ
യും നല്ല പ്രകൃതത്തിൽ വർത്തിക്കുമായിരുന്നു.

അദ്ധ്യാപകൻ ആദ്യമായി ക്ലാസിൽ വരുമ്പോൾ അദ്ധ്യേതാ
ക്കൾ എഴുനേറ്റുനിന്നു വന്ദിക്കുന്നതു്, അദ്ധ്യാപകന്റെ മുഖഭാവം
എന്തെന്നു് അറിയുവാനാണു്. എന്നാൽ അവരുടെ ഈ പ്രയോ
ഗം മുൻകരുതലോടുകൂടിയതായിരിക്കുകയില്ല—അതും തീരെ ചെറു
പ്രായത്തിൽ അവക്കു മുൻകരുതലുകൾ തീർച്ചയായും ഉണ്ടാകയില്ല.
എങ്കിലും, അനുഭവം അവരെ വിജയിപ്പിക്കുകയാണു ചെയ്യുന്നതു്.

അദ്ധ്യാപകന്റെ മുഖം അപ്രസന്നമായിട്ടാണു് അവർ കാണു
ന്നതെങ്കിൽ, അന്നു ക്ലാസിലെ സ്ഥിതിയും മ്ലാനമായിത്തന്നെ ഇരി
ക്കും. കള്ളച്ചുമ, പരിഹാസജന്യമായ ചിരി എന്നിവകളാൽ
ഒരു ഇളക്കം ക്ലാസിൽ സർവ്വത്ര വ്യാപിക്കുന്നു. പ്രത്യുത അദ്ധ്യാപ
കൻ സുസ്മേരവദനനായിരുന്നാൽ, അദ്ധ്യേതാക്കൾ അനുസരണശീ
ലരായി, ഉത്സാഹത്തോടെ അവരുടെ ജോലിയിൽ പ്രവേശിക്കുന്നു.
അന്നു ശാന്തവും മോഹനവുമായ ഒരന്തരീക്ഷത്തെയാണു ക്ലാസിൽ
ദർശിക്കുവാൻ സാധിക്കുന്നതു്.

കുട്ടികളുടെ ഈ പ്രകൃതം വിദ്യാലയത്തിലേയ്ക്കു മാത്രമായിട്ടുള്ള

തല്ല. നിത്യവും രാവിലെ വിദ്യാർത്ഥികൾ ക്ലാസിൽ വരുമ്പോൾ, അവർ ഏതുമാതിരി ഗൃഹങ്ങളിൽനിന്നുമാണു വരുന്നതെന്നു സാമാന്യം കണിശമായി പറയുവാൻ എനിക്കു സാധിക്കും. അവരുടെ ഗൃഹങ്ങളിലെ, സന്തോഷസന്താപാവസ്ഥകൾ കണ്ടുപിടിക്കുവാൻ കഴിയുമെന്നുള്ളതാണത്.

ഇത് അവർ—വിദ്യാർത്ഥികൾ പറയുന്നതോ, പറയുവാൻ ഒരുങ്ങുന്നതോ അല്ല. ചില അവസരങ്ങളിൽ അവരുടെ അഭിപ്രായങ്ങളെ ഖണ്ഡിയ്ക്കേണ്ടതായും വന്നിട്ടുണ്ട്. മാനസികശാസ്ത്രജ്ഞാനത്തോട് എനിക്കുള്ള തഴക്കവും, പഴക്കവുമാണ് ഈ വിജയത്തിൽ എന്റെ സഹായി.

വീട്ടിൽവച്ച്, മാതാപിതാക്കളുടെ ശകാരതാഡനങ്ങൾ സാധാരണമായി അനുഭവിക്കുന്ന കുട്ടികളുടെ ഗൃഹജീവിതം സ്വൈരശൂന്യമായിരിക്കുന്നതിനാൽ അവർ, മന്ദന്മാരും, മൗനികളും, സകലതിലും സംശയമുള്ളവരായും, ക്ഷിപ്രകോപികളുമായി തീരുന്നു.

സമാധാനവും സന്തോഷവും, സദാ കളിയാടുന്ന ഒരു ഗൃഹത്തിലെ, സദ്വൃത്തരും, സുശീലരുമായ മാതാപിതാക്കളുടെ സന്താനങ്ങൾ, സദാ സുസ്മേരവദനരായും, സന്തുഷ്ടചിത്തരായും, സൽസ്വഭാവികളുമായി കാണുന്നു. ഇവരുടെ ഈ മോഹനപ്രകൃതിയും, അക്ഷയവും, ആകർഷണീയവുമായ മുഖപ്രസന്നതയും അവരുടെ വിവേകനിധികളായ മാതാപിതാക്കളുടെ ഒരു പ്രതിഫലനം മാത്രമാണ്.

അവരുടെ ഗൃഹഭരണരീതി, നിർബന്ധനിയമങ്ങൾക്ക് വിധേയമായിരിക്കും. മക്കളിൽ മാതാപിതാക്കന്മാർക്ക് അധികാരം ഉണ്ടെങ്കിലും, ആ അധികാരത്തെ അനാവശ്യമായി, വിനിയോഗിക്കുവാൻ അവർ ഉദ്യമിയ്ക്കുകയില്ല. ആവശ്യമെന്നു തോന്നുന്ന അവസരത്തിൽ, ആ അധികാരത്തെ പ്രയോഗിയ്ക്കും. എന്നാൽതന്നെ അവർ കുട്ടികളിൽ കാരുണ്യമുള്ളവരായിരിയ്ക്കും.

പിതാവില്ലാത്ത കുട്ടി സാധാരണമായി, സന്താപഭാവത്തോടുകൂടിയവനായിരിയ്ക്കും. മാതാവിന്റെ ഭരണത്തിൽ മാത്രം വളരുന്ന അവന് ജീവിതതത്വങ്ങൾ ശരിയായി മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. മാതാവിൽനിന്നും സദാ അനുഭവിക്കേണ്ടിവരുന്ന അലട്ടൽ ആണ് ഇതിനുകാരണം. കാര്യത്തിലും, അകാര്യത്തിലും, അവസരത്തിലും, അനവസരത്തിലും, നിഷ്കരുണമായി മാതാവു്, ഉപദ

വിയ്ക്കുന്നതുകൊണ്ടു, സന്തോഷമെന്നതു് അറിയുവാൻ അവന്നു് സാധിയ്ക്കുന്നില്ല. തന്മൂലം അവൻ സകല കാൎയ്യത്തിലും സംശയാലുവും ഭയചകിതനും, ഉന്മേഷരഹിതനുമായി തീരുന്നു.

ഈവക ഗൃഹസംഭവങ്ങൾ ക്ലാസ്സിൽ പ്രസ്താവിയ്ക്കുന്നതിന്നു് ഞാൻ കുട്ടികളെ പ്രേരിപ്പിക്കാറില്ല.

അസഹ്യമായ വ്യസനം നേരിടുമ്പോൾ, കുട്ടികൾ എന്റെ സമീപത്തു് അവരുടെ സങ്കടത്തെപ്പററി പറയാറുണ്ടു്. എന്നാൽ അതിനുള്ള കാരണത്തേയോ, കാരണക്കാരനേയോ, അവർ വെളിപ്പെടുത്തുകയില്ല. അങ്ങിനെയുള്ള അവസരങ്ങളിൽ ഞാൻ കുററക്കാരനെ കണ്ടുപിടിച്ചു്, ചെയ്ത തെററിനെ സമ്മതിയ്ക്കുവാൻ പ്രേരിപ്പിയ്ക്കുകയും, പിന്നീടു് അതിന്നുള്ള പരിഹാരം നിവൎത്തിയ്ക്കുകയും പതിവാണു്.

എന്തുതന്നെ ആയാലും ചില കുട്ടികൾ അവരുടെ സങ്കടത്തെപ്പററി എന്നോടു് പറയാറില്ല. അതിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്, അങ്ങിനെയുള്ള കുട്ടികളുടെ കാൎയ്യത്തിൽ അവരുടെ മാതാപിതാക്കന്മാർ തീരെ ശ്രദ്ധിക്കാറില്ലെന്നും, ഗൃഹത്തിൽ അവരുടെ നേരെ അച്ഛനമ്മമാർ യാതൊരുവിധ അന്വേഷണവും നടത്താറില്ലെന്നുമുള്ളതാണു്. മാതാപിതാക്കന്മാരുടെ ഇമ്മാതിരിയുള്ള അശ്രദ്ധ അവരുടെ സന്താനങ്ങളിൽ, സ്വയം ജനിയ്ക്കുന്ന ഉൽകൃഷ്ടഗുണങ്ങളെക്കൂടി നശിപ്പിയ്ക്കുകയാണു് ചെയ്യുന്നതു്.

മാതാപിതാക്കന്മാർ, അവരുടെ സന്താനങ്ങളുടെ സ്വഭാവരൂപീകരണവിഷയത്തിൽ ബുദ്ധിപൂൎവ്വമായി ശ്രദ്ധിയ്ക്കേണ്ടതാണു്. ജീവിതായോധനത്തിൽ അവർ വിജയികളായി പരിലസിക്കണമെങ്കിൽ ഗൃഹത്തിൽ അച്ഛനമ്മമാൎക്കുള്ള കടമയെ അണുപോലും തെററിയ്ക്കാതെ നിവൎത്തിക്കണം. തങ്ങളുടെ സന്താനങ്ങൾ സദാചാരപ്രിയരും, സൽസ്വഭാവികളുമായി, ഭാവിപൗരന്മാരായിത്തീരണമെന്ന ഉദ്ദേശത്തോടുകൂടി മാതാപിതാക്കൾ, അല്പമൊന്നു മനസ്സിരുത്തി കുട്ടികളെ വളൎത്തുന്നതായാൽ, അവരുടെ ഭാവി ശോഭനമായിത്തീരുന്നതിനും പുറമെ, എന്നെപ്പോലുള്ള അദ്ധ്യാപകന്മാൎക്കു്, അവരുമായി ഇടപെടുന്നതിൽ വലിയ വിഷമത ഇല്ലാതാവുകയും ചെയ്യും.

---

# സുതയും സ്നുഷയും.

(ആർ. എം ആനാപ്പുഴ.)

(തുടൎച്ച.)

iii

ലജ്ജാവതി ഗൃഹകൃത്യങ്ങളെല്ലാം സന്തോഷഭരിതയായി നിൎവ്വഹിക്കുന്നുണ്ട്; ഫുല്ലകുമാരിയെ വീണ്ടും കാണുന്നതിനായി അവൾ മാളികമുകളിലേക്കു പുറപ്പെട്ടു. ഹാ! ആ പ്രസന്നവദനം! ആകൎഷകകടാക്ഷം! സ്നേഹമയമായ വാക്ക്! എല്ലാംകൂടി ഒരു നവോഢയെപ്പോലെ അവൾ മന്ദംമന്ദം കോണിപ്പടികയറി മുകളിലെത്തിയ ഉടനെ അവൾ ആദ്യമായി കണ്ടതു്, അടുത്തു വിവാഹിതയായവളും, "ശിശുറാണി" എന്നൎത്ഥമുള്ള "പുത്തുരണി" എന്ന ഓമനനാമധേയത്താൽ വിളിക്കപ്പെട്ടുന്നവളും, പത്തുവയസ്സു പ്രായമുള്ളവളും ആയ സ്വപുത്രിയെ ആണ്. വധൂവരന്മാർ തമ്മിലനുയോജ്യരെന്നു കണ്ടാൽ ചിലപ്പോൾ ഗുരുഭൂതന്മാർ കാലേകൂട്ടി—അതെ വധുവിനു പന്ത്രണ്ടുവയസ്സു തികയുന്നതിനുമുമ്പുതന്നെ വിവാഹം നടത്തിക്കുകയും അങ്ങനെവരുമ്പോൾ വധുവിനു ക്ലിപ്തവയസ്സു പരിപൂൎണ്ണമാകുന്നതുവരെ വരസദനത്തിലേക്കു പോകാതിരിക്കുകയും പതിവാണ്.

"അമ്മേ! എന്റെ "മുടിസൂചിയും പൂവും" തരു; അമ്മായി എന്റെ തലമുടി പിന്നാമെന്നു പറയുന്നു" എന്നു പുത്തുരണി പറഞ്ഞു.

"നിന്റെ മുടിസൂചിയോ! ഞാനൊന്നുംതന്നെ കണ്ടില്ലല്ലോ!" എന്നു ലജ്ജാവതി പരിഭ്രാന്തമാനസയായി.

"അമ്മ ഓൎക്കുന്നില്ലേ? അമ്മ കഷണംനുറുക്കുമ്പോൾ ഞാനടുക്കൽവച്ചല്ലോ."

ലജ്ജാവതിക്കു ഒന്നും ഓൎമ്മയുണ്ടായില്ല.

"നീ അവിടെവച്ചിട്ടുണ്ടെന്ന് എന്നോടു പറഞ്ഞോ?"

"ഞാൻ അവിടെത്തന്നെവച്ചു." കുട്ടിക്കു പിതാമഹിയെ വളരെ ഭയമുള്ളതിനാൽ, "അമ്മേ! അതു തരു!" എന്നാവൎത്തിച്ചു തുടങ്ങി.

സാധു ലജ്ജാവതി! അവൾ അതു തന്റെ കുററംകൊണ്ടാ

ണെന്നുതന്നെ തീരുമാനിച്ചു. മറെറാരാളേയും കുററാരോപണം ചെയ്തിട്ട് ആവശ്യമില്ലെന്നും അവൎക്കുതോന്നി. തന്മൂലം കുട്ടിയോട് സമാധാനംപോലും പറയാതെ, സൂചി തിരയുന്നതിന്നായി ചുവട്ടിലേക്ക് മടങ്ങി.

ഇതിനിടയിൽ ഏല്ലകുമാരിയുടെ കിടപ്പറ അടിച്ചുവാരിയിരുന്ന ഭൃത്യ, എല്ലാം തയ്യാറാക്കിയെന്നും കിടക്കവിരിമാത്രമില്ലെന്നും ഗൃഹനായികയെ അറിയിക്കുകയാൽ, ലജ്ജാവതിയുടെ അകത്തുള്ള കിടക്കവിരി എടുക്കുവാൻ ആജ്ഞാപിച്ചു.

"ഹേമൻ ഇന്നുരാത്രി ഇവിടെ ഉണ്ടാവില്ല; അതിനാൽ ആ പുതിയവിരി വാങ്ങിക്കൊണ്ടുവാ; എന്നിട്ട് അതിനുപകരം ഒരു പഴയതുതരാം" എന്നുകൂടി പറഞ്ഞു.

വേലക്കാരി വിരിപ്പുകൊണ്ടുവന്നിട്ട്, ഓ! സൂക്ഷ്മമൊട്ടുമില്ലാത്ത കൊച്ചെജമാനത്തി! അവരെപ്പോലെ ഞാനാരേയും കണ്ടിട്ടില്ല; അത്ര വിചാരക്കാൻകൂടിവയ്യാ. പുന്നുരണ്ണിക്കുട്ടിയുടെ മുടിസൂചി മുതലായതു അവരെ ഏല്പിച്ചിരുന്നതു് അവർ കളഞ്ഞുവത്രേ! ഇപ്പോൾ തിരയുന്നു! ഞാൻതന്നെയാണു 'ദിതിമണി' (കൊച്ചമാനത്തി)യുടെ കിടക്കയിൽനിന്നു വിരിപ്പെടുത്തതു്. അവക്ക് അതിനുംകൂടി ഇടയില്ല" എന്നൊക്കെ ഏഷണിക്കൂട്ടി.

"സൂചിയോ! പിന്നെയെന്തൊക്കെയാണു്!"

"അമ്മേ! മുടിപ്പൂവു്; സ്വൎണ്ണംകൊണ്ടുള്ളതു്; കുററം ഞങ്ങളുടെ തലയിൽ വീഴില്ലെയെന്നുകൂടി ഞാൻ സംശയിക്കുന്നു; അവർ എല്ലാം കളഞ്ഞുകുളിക്കുന്നു; അതിനൊന്നിനും ഈ സാധുക്കളല്ല ഉത്തരവാദികളെന്നുകൂടി അമ്മ ഓൎമ്മിക്കണം" എന്നു തക്കംനോക്കി തട്ടിവിട്ടു.

മാതാവു് മദയാനയെപ്പോലെയായി; ഏറിയകാലംകൂടീട്ടുണ്ടായ തന്റെ "സുതയുടെ സദനസന്ദർശനം" ആയ ശുഭദിനം ആഭരണനഷ്ടത്താൽ അശുഭകരമാക്കുകയോ?

അവർ ജ്യേഷ്ഠസ്നുഷയുടെ അകത്തേക്കു ഓടി ഇങ്ങനെ പ്രലപിച്ചു.

"നീ കേട്ടില്ലേ? ചൊട്ടാബാബു മുടിയാഭരണം കളഞ്ഞുവത്രേ! മിനിഞ്ഞാന്നാണു ഒരുപട്ടുസാരി കളഞ്ഞതു്. ഇന്നു ആഭരണങ്ങളും; ഇത്ര മുടിഞ്ഞ ഒരുപെണ്ണിനെ ഞാൻ കണ്ടിട്ടില്ല."

"അവൾ മനഃപൂൎവ്വം കളഞ്ഞതായിരിക്കയില്ല; എങ്ങനേയോ പോയതായിരിക്കും." എന്ന് അവിടെ ഉണ്ടായിരുന്ന ഏല്ലകുമാരി അഭിപ്രായപ്പെട്ടു.

ഇതു് മാതാവിന്റെ രോഷാഗ്നി വൎദ്ധിപ്പിച്ചതേയുള്ളു.

"ഓ! മകളേ! നിനക്കവളെ അറിഞ്ഞുകൂടാ; നീ അറിയുമെങ്കിൽ ഇങ്ങനെ പറയില്ല; കുറച്ചുദിവസംകൂടി കഴിയട്ടെ; അപ്പോഴം നിന്റെ ഈ അഭിപ്രായം താനേ മാറിക്കൊള്ളും. പുറം വെളുപ്പാണെങ്കിലും അകം കറുപ്പാണ്; ഹാ! ഇതൊക്കെ അവൾ കല്പിച്ചുകൂട്ടി ചെയ്യുന്നതുതന്നെ. സംശയമില്ല. ഈ നഷ്ടങ്ങളെല്ലാം ഞങ്ങൾക്കല്ലെ? അവൾക്കെന്താണ്! പകരം പണ്ടം ഞാനല്ലേ ഉണ്ടാക്കിക്കൊടുക്കേണ്ടതു്. ഇന്ന് നീ വന്നദിവസമാകകൊണ്ടു് ഇതൊരു ദുർദ്ദിനമാക്കണമെന്നു അവൾക്ക് മനഃപൂർവ്വമുണ്ടു്."

ജ്യേഷ്ഠസ്നുഷ മൌനംദീക്ഷിച്ചുനിന്നതേയുള്ളു; എന്നാൽ പുഷ്പകുമാരി, ഇതൊന്നും ബോദ്ധ്യമാകാതെ പറഞ്ഞു:—"ഏതായാലും നമുക്കൊന്ന് ചെന്നുനോക്കാം."

അവർ താഴത്തേക്കിറങ്ങി; അപ്പോഴെക്കും ലജ്ജാവതി, വളരെനേരം നോക്കീട്ടും കിട്ടാതെ ഇച്ഛാഭംഗത്തോടുകൂടി മുകളിലേക്കു വരികയായിരുന്നു.

"എന്തെല്ലാം പണ്ടങ്ങളാണ് നീ കളഞ്ഞു കുളിച്ചതു്." എന്ന് ശ്വശ്രൂ അക്ഷമയായി ചോദിച്ചു. സാധുലജ്ജാവതി! അവൾ ഈ ജന്മത്തിൽ ഒരാഭരണമെങ്കിലും കളഞ്ഞിട്ടേയില്ല.

"ഇങ്ങനെ തുടരുന്നതായാൽ മഹാലക്ഷ്മി ഇവിടന്നു പടികടക്കും; എന്നല്ല പണ്ടംകൂടാതെ എങ്ങനെയാണ് പെണ്ണിനെ ഭർത്തൃഗൃഹത്തിലേയ്ക്കു് അയയ്ക്കുന്നതു്? അവർ ഇതിനെപ്പററി അന്വേഷിക്കാതിരിക്കുമോ? ഛീ! ഛീ! വല്ലാത്ത പോക്കണംകേട്ട്." എന്നു മാതാവു് ഗർജ്ജിച്ചു.

ലജ്ജാവതി ധൈര്യമവലംബിച്ചു് ഇങ്ങനെ പറഞ്ഞു:—"അവ പുന്നുരണിയുടെ വകയല്ല; എനിക്ക് എന്റെ അച്ഛൻ തന്നതാണ്; ഞാനതവൾക്കു കൊടുത്തുവെന്നേയുള്ളു."

സാധു! അവൾക്കിതിലും ഭേദം മൌനംതന്നെയായിരുന്നു.

"അഹാ! എന്നാൽ തീർച്ചയായും യജമാനത്തിയോടു മാപ്പു ചോദിച്ചേക്കാം. നിന്റെ ഈവക തോന്ന്യാസങ്ങൾക്കെല്ലാം ചുമ്മാ കണ്ണടയ്ക്കണം. വല്ലതും ഞാനോക്കാതെ മിണ്ടുമ്പോഴയ്ക്കും നിന്റെ അച്ഛനായി, മററതായി; ഫൂ! കണ്ടില്ലേ നിന്റെ അമ്മയെ ഇവൾ അപമാനിക്കുന്നതു്!"

ആഭരണം ലജ്ജാവതിയുടെ അച്ഛൻ കൊടുത്തതാണെങ്കിലും പോയതുകൊണ്ടുള്ള നഷ്ടം എല്ലാവക്കും സമമാണെന്നും മററും ജ്യേഷ്ഠസ്നുഷ അമ്മയെ താങ്ങി. ശ്വശ്രൂ പിന്നേയും പരുഷസ്വരത്തിൽ, "അതേ, എല്ലാം പോട്ടെ" എന്നു പറഞ്ഞു. കോപം

മൂലം തൊണ്ടപിറച്ചു. താൻ ഹരിമോഹനഘോസിന്റെ പുത്രിയാണെങ്കിൽ, ലജ്ജാവതിയെപ്പോലെയുള്ള സ്ത്രീകളെക്കൊണ്ടു ഗൃഹഭരണം നടത്തുവാൻ ഒരിക്കലും അനുവദിക്കുന്നതല്ലെന്നും അവർ തീച്ചയാക്കി.

"മക്കളേ! വരു; ഇതിനെപ്പററി ഇനി അധികം പറയേണ്ട." എന്നുപറഞ്ഞു ഫുല്ലകുമാരിയുടെ കയ്യുംപിടിച്ചു നടന്നു. അവക്ക് അന്നത്തെ ജോലി അതിനെപ്പററി കണ്ടവരോടുംമററും പ്രസംഗിക്കയായിരുന്നു.

ലജ്ജാവതിയുടെ ഭത്താവിനോടും അവരതുപറയാൻ അമാന്തിച്ചില്ല.

"പ്രിയപുത്രാ! നീയിപ്പോൾ ഒരു ഗൃഹസ്ഥന്റെ നിലയിലായിട്ടുണ്ടു; അപ്പോൾ എന്നെ കാശിക്കയയ്ക്കുന്നതു് നിന്റെ കടമയാണ്. ഇനിയുള്ളകാലം അവിടെ കഴിച്ചുകൊള്ളാം. ഈ വീട്ടിലെ അഴിമതികളെപ്പററി എനിക്കു കണ്ടും കേട്ടും സഹിക്കവയ്യാതായി." സകല സംഭവങ്ങളും ഒന്നൊഴിയാതെ മകനെ ധരിപ്പിച്ചു. അക്കാലത്തു് അവക്കാണു വിജയം; എന്തെന്നാൽ ഒരു ഹിന്ദുവെങ്കിലും അമ്മയേക്കാൾ ഉപരിയായി ഭായ്യയെ ഗണിച്ചിരുന്നില്ല.

ഭായ്യയുടെ സ്വഭാവഭേദത്താൽ രോഹമനം വളരെ കുണ്ഠിതമുണ്ടായി; എന്നല്ല അഭരണനഷ്ടം തന്റെ യാത്രയ്ക്കു് ഒട്ടും ശുഭശകുനമായിട്ടില്ലെന്നും അയാൾ വിചാരിച്ചു. ഇനിയും ഈവക തുടരുന്നതായാൽ താൻ പുറപ്പെട്ടുപോകുമെന്നും പിന്നെ ഒരിക്കലും മടങ്ങുന്നതല്ലെന്നും മററും അയാൾ ലജ്ജാവതിയെ ഭീഷണിപ്പെടുത്തി.

ചിത്രസ്ഥയായതുപോലെ ലജ്ജാവതി മൌനംദീക്ഷിച്ചു നിന്നു; ഭയവും, ലജ്ജയും, സംഭ്രമവും അവളെ ശബ്ദരഹിതയാക്കി. കായ്യം തുറന്നുപറയാൻ സാധിച്ചിരുന്നുവെങ്കിൽ എല്ലാം ഗുണകരമായി കലാശിക്കുമായിരുന്നു. യാത്രപോലും പറയാതെ അയാൾ അവളെ വിട്ടു. അവളുടെ ഹൃദയം പൊടിഞ്ഞു. സമാധാനത്തിന്റെ ഏകമാർഗ്ഗമായ കണ്ണീർ ധാരാളം ചൊരിഞ്ഞു. ഇതിന്നെല്ലാം കാരണം മുടിസൂചിയും പൂവും. ഹ! എത്ര നിസ്സാരസംഗതികൾക്കുവേണ്ടി എത്രയെത്ര സ്ത്രീഹൃദയമാണ് സന്തപ്തമാകുന്നതു്!

(തുടരും)

# കഠാനുപഞ്ചകത്തിലെ അവസാനപദ്യം.

(സി. ജി. എൻ. നമ്പൂതിരി, തൃക്കാരിയൂർ.)

വിദ്യാഭിവർദ്ധിനിയിൽ 'ദണ്ഡികവിയും, കഠാനുപഞ്ചകവും' എന്ന ലേഖനം ഞാനെഴുതിയിരുന്നതിൽ ചേർത്തിരുന്ന കഠാനുപഞ്ചകത്തിലെ അവസാനപദ്യത്തെക്കുറിച്ചു് കഴിഞ്ഞ ലക്കത്തിൽ ഈ ഹെഡ്ഡിങ്ങിൽ മി: ഏ. ചക്രപാണി, ബി. ഏ. സംക്ഷേപിച്ചിരുന്ന അഭിപ്രായം നിഷ്പക്ഷമാകയാൽ എന്നേയുമിതിൽ രണ്ടുവാക്കു് പറയിക്കുവാൻ കാരണഭൂതമാക്കിയിട്ടുള്ളതാണു്.

ഞാൻ ഉദ്ധരിച്ചിട്ടുള്ള തൽസ്ഥാനീയമായ പദ്യത്തിനു അദ്ദേഹം കാണിച്ച ഇതരസ്ഥാനീയമായ പദ്യവും, സാധാരണ പലരും ധരിച്ചു് ചൊല്ലിക്കേട്ടിട്ടുള്ളതു ശരിതന്നെ. ഞാനും അതിപ്രാചീനമായ ഈ പഞ്ചകത്തിൽ അതുള്ളതായി കേട്ടു വിശ്വസിച്ചിരുന്നു. പിന്നീടെനിക്കു് ഒരു അപാരപണ്ഡിതനിൽ നിന്നും അതിൻെറ ശരിയായ രൂപം മനസ്സിലാക്കുവാൻ സാധിച്ചതിൻെറ ഫലമാണു് 'പഞ്ചതാംതനുരേതു' എന്ന അവസാനപദ്യം.

ലേഖകൻ തന്നെ പ്രതിപാദിക്കുന്നതെന്താണു്? ലേഖകനു കേട്ടു പരിചയമുള്ള പദ്യത്തേക്കാൾ തൽസ്ഥാനീയമായ ഇതരപദ്യം ഭാവഗംഭീരവും അതിലെ ആശയം ഇതുപോലുള്ള ഒരവസ്ഥയിൽ പ്രണയത്തിൻെറ പരമകാഷ്ഠയ്ക്കു് ഏററവും അനുയോജ്യവും ആകുന്നു എന്നാണല്ലോ. മഹാശയനായ ദണ്ഡിയുടെ കല്പനാവൈചിത്ര്യം രൂഢമൂലമായി കാണാവുന്നതുതന്നെ ഒരു സഹൃദയനു വിശ്വസിക്കുവാൻ വേണ്ടതെളിവു്. അതുതന്നെയല്ല, സ്വാതന്ത്ര്യമായി നോക്കുന്നപക്ഷം, പ്രസ്തുത പഞ്ചകപദ്യം രണ്ടാമത്തതിൽ—

"അധരമമൃതുകല്പം കാമമാസ്വാദ്യനിദ്രാം
വാതനു സുരതാന്തേ സേവയിഷ്യേ കഠാനു"

എന്ന ഭാഗം, സംഭോഗശൃംഗാരം പച്ചയായി ഘോഷിച്ചിട്ടുള്ളപ്പോൾ വീണ്ടും—"അത്യാർദ്രൈരധരാമൃതൈസ്തവമുഖാൻ" എന്നു് പുനരുക്തി ചെയ്യേണ്ട ആവശ്യം അസംഗതമാണു്. ഇതിനാലെല്ലാം ഉദ്ദേശിക്കേണ്ടതു്, കഠാനുപഞ്ചകത്തെ അനുകരിച്ചു് അനുകരണഭ്രമക്കാർ പലരും ശങ്കരസ്മൃതിപോലെ അനുകാലികമായി എഴുതിക്കൂട്ടിയിരിക്കുമെന്നാണു്. അതിലൊന്നായി സാദൃശ്യം പ്രാ

ൻ

പിച്ചതാണ് "അങ്കേതപാം" പദ്യവുമെന്നും ഇദാനീന്തനർ കണക്കാക്കുന്നതിൽ വൈപരീത്യമില്ല.

കേട്ടു പരിചയമുള്ളതൊഴിച്ചാൽ പ്രകൃതത്തിൽ ഭാവഗംഭീരമായ പദ്യം ഞാനുദ്ധരിച്ചതുതന്നെയെന്ന് പ്രസ്തുത ലേഖകനും സമ്മതിച്ചു കാണുന്നതിൽ സന്തോഷത്തിനേ വകയുള്ളു.

---

## ആരോഗ്യഭാസ്കരം.

---

(ഏ. ബി. സി.)

"അഹം വിശേഷശ്ചരോ ധാതാ
സർവ്വേഷാം പ്രഭവസ്തഥാ
പുരാണഃ ശാശ്വതോ വിഷ്ണു-
രക്ഷയോഹം പ്രകാശവാൻ.

അനന്യാശ്ചിന്തയന്തോ മാം
യജനാഃ പര്യുപാസതേ
തേഷാം നിത്യാഭിയുക്താനാം
യോഗക്ഷേമം വഹാമ്യഹം."

നമ്മുടെ സൌരയൂഥത്തിൽ സൂര്യനാണ് ഏററവും വലിയതും പ്രകാശം കൂടിയതും ആയ ഗ്രഹം. ഈ മഹാഗോളത്തിൻെറ പ്രകാശവും ചൂടും വ്യാപാരവും ആണ് ജീവരാശികളുടെ നിലനില്പിന്ന് ആധാരമായിട്ടുള്ളതു്. പ്രാചീനഹിന്തുക്കളും പാർസികളും ദിവസേന മുമ്മൂന്നുപ്രാവശ്യം നമസ്കരിച്ചിരുന്നതു് സൂര്യൻെറ ഈ അനിതരസാധാരണമായ വൈശിഷ്ട്യം അറിഞ്ഞുകൊണ്ടുതന്നെയാണ്.

സൂര്യപ്രകാശത്തിൽ ഏഴുവർണ്ണങ്ങൾ അടങ്ങിയിരിപ്പുണ്ടെന്നുള്ളതു് ഇന്നത്തെ പുതിയ കണ്ടുപിടിത്തമൊന്നുമല്ല. പ്രാചീനഹിന്തുക്കൾക്കു് ഈ തത്വം നല്ലപോലെ അറിയാമായിരുന്നു. അതുകൊണ്ടാണ് അവർ സൂര്യനെ "സപ്തരശ്മി" എന്നു വിളിച്ചുവന്നതു്. സൂര്യരഥത്തിന്ന് ഏഴുകുതിരകൾ ഉള്ളതായി ഉൽപ്രേക്ഷിച്ചിരിക്കുന്നതും ഈ തത്വത്തെത്തന്നെ അടിസ്ഥാനപ്പെടുത്തിയാകുന്നു. ഇന്നത്തെ ശാസ്ത്രജ്ഞന്മാരും സൂര്യരശ്മിയെ ഈ ഏഴുവർണ്ണങ്ങളെത്തന്നെയാണ് അവരുടെ ത്രികോണസ്ഫടികം മുഖേന വെളിപ്പെട്ടു

ത്തായിട്ടുള്ളതു്. ഈ ഏഴു നിറങ്ങൾ ചെമപ്പു് ഓറഞ്ചു് മഞ്ഞ നീല വയലററു് പേർപ്പൾ പച്ച ഇവയാണു്.

ആരോഗ്യത്തെ ഉണ്ടാക്കുവാനും നഷ്ടമായിപ്പോയ ആരോഗ്യത്തെ വീണ്ടെടുക്കുവാനും പ്രകൃതിതന്നെ പലപല ഏർപ്പാടുകളും ചെയ്തുവെച്ചിട്ടുള്ളതിൽ പ്രധാനമായതാണിതു്. ഇവയെ കണ്ടറിഞ്ഞു് ശരിയായി ഉപയോഗിക്കുക മാത്രമേ മനുഷ്യൻ വേണ്ടതായിട്ടുള്ളു. ഇതിന്നു് അത്രവലിയ ശ്രമമും അധ്വാനിച്ചുണ്ടാക്കുന്ന ധനത്തിന്റെ വ്യയവും ആവശ്യമായിരിക്കുന്നതുമില്ല. എന്നിട്ടും എത്ര എത്ര ആയിരം ജനങ്ങളാണു് ഇന്നു് ആരോഗ്യമില്ലാതെയും രോഗത്തിന്നടിമപ്പെട്ടും കഷ്ടപ്പെടുന്നതു്. എത്രയെത്രപണമാണു്, യഥാർത്ഥത്തിൽ ഗുണത്തേക്കാൾ അധികം ദോഷത്തെ ചെയ്യുന്ന ഔഷധങ്ങൾക്കായി ചെലവാക്കുന്നതു്!

നോക്കുക! ലോകപ്രസിദ്ധമായ റോമാപുരിയിൽ ഏകദേശം അറുനൂറുകൊല്ലങ്ങൾക്കു മുമ്പെ വൈദ്യന്മാരെന്ന ഒരു വകക്കാരേ ഉണ്ടായിരുന്നില്ല. റോമാക്കാർ അക്കാലത്തു് ലോകത്തിലെ അതിശക്തിമാന്മാരായ വർഗ്ഗക്കാരായിത്തീർന്നതു് വായു, വെള്ളം, വെളിച്ചം, വ്യായാമം ഇവയെ മാത്രം ആശ്രയിച്ചും മിതമായും ജീവിച്ചതുകൊണ്ടാണു്. എന്നാൽ പ്രകൃതിയുടെ മനോഹരമായ ഈ അനുഗ്രഹങ്ങളെ അനാദരിച്ചും അവഹേളിച്ചുംകൊണ്ടു് അവരുടെ ശ്രദ്ധ ഏതൊരവസരത്തിൽ അമിതവും കൃത്രിമവും ആയ ജീവിതത്തിലേയ്ക്കു് തിരിഞ്ഞുപോയൊ അന്നു മുതൽ അവർ ആപൽക്കരവും വിഷപ്രദവും ആയ ഔഷധങ്ങളുടെ അടിമകളായും അതുനിമിത്തം അധോഗമനത്തിന്നു് ആരംഭിക്കുന്നവരായും തീർന്നു.

അതിനിപുണനായ ഒരു പ്രകൃതിവൈദ്യനാണു് ആദിത്യൻ. ആ വൈദ്യന്റെ ഔഷധങ്ങൾ സപ്തകിരണങ്ങളും ഔഷധപ്പെട്ടി ലോകവും ആകുന്നു. മനുഷ്യർ ഈ മഹാവൈദ്യനേയും അദ്ദേഹത്തിന്റെ ഔഷധങ്ങളേയും ശരണംപ്രാപിക്കുവാൻ തുടങ്ങിയാൽ ഇന്നത്തെ മുറിക്കുന്തക്കാരെല്ലാം 'ശ്രമ്മാ' ഇരിക്കേണ്ടതായും അവരുടെ ആതുരശാലകളെല്ലാം എന്നന്നേയ്ക്കുമായി അടച്ചുപൂട്ടേണ്ടതായും മരുന്നുവ്യാപാരികൾ അവരുടെ വ്യാപാരഭൂമിയെ തരിശിടേണ്ടതായും വരും. അവരുടെയെല്ലാം പിട്ടും പകിട്ടും അസ്തമിക്കും.

സൂര്യരശ്മിയിൽ സ്ഫുടതരങ്ങളായ ഏതാനും വസ്തുക്കൾ അടങ്ങിയിരിപ്പുണ്ടെന്നുള്ള പരമാർത്ഥം എല്ലാവരും ഇപ്പോഴേയ്ക്കു് നിർവ്വി

വാദം സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഈ രശ്മികൾ ശരീരത്തിലെ "ടിഷ്യൂ" എന്നു പറയപ്പെടുന്ന സൂക്ഷ്മഭാഗങ്ങളെ ഗണ്യമായവിധം ബാധിക്കുന്നുണ്ടെന്നുള്ളതും സൎവ്വവിദിതമത്രെ. അതിനാൽ ആ വക സിദ്ധാന്തങ്ങളെ സ്ഥാപിക്കേണ്ടതിലേയ്ക്കു പുതിയ യുക്തിവാദങ്ങളൊന്നും കൊണ്ടുവരേണ്ടതായ ആവശ്യം ഇനി ഉണ്ടെന്നു തോന്നുന്നില്ല. രോഗനിവാരണവിഷയത്തിൽ വിവിധവൎണ്ണത്തിലുള്ള രശ്മികളെ ഇപ്പോൾ ഉപയോഗപ്പെടുത്തി വരുന്നുണ്ടെന്നു മാത്രമല്ല, പല വൎണ്ണങ്ങളും ആവശ്യംപോലെ അന്യോന്യം കലൎത്തേണ്ടതിലേയ്ക്കു ഉപയുക്തമായ പല യന്ത്രസാമഗ്രികളും കണ്ടുപിടിച്ചു ഏൎപ്പെടുത്തിയും ഇരിക്കുന്നു.

പ്രകൃതിചികിത്സയിലെ ഒരു പ്രധാന ഭാഗമായ വൎണ്ണചികിത്സാസമ്പ്രദായം സൂൎയ്യരശ്മിയിലെ വൎണ്ണങ്ങളെ പിരിച്ചെടുത്തു രോഗചികിത്സയിൽ വിനിയോഗിക്കുന്നതിനെ പററി വിവരിക്കുന്ന ഒന്നാകുന്നു.

സൂൎയ്യരശ്മിയിൽ ഏഴു നിറങ്ങളാണു കലൎന്നിരിക്കുന്നതെന്നു മുമ്പു പറഞ്ഞുവല്ലൊ. നമ്മുടെ ആരോഗ്യത്തെ സംരക്ഷിക്കുന്ന സംഗതിയിൽ ഈ ഏഴു നിറങ്ങളും അത്യന്താപേക്ഷിതങ്ങളാണു. ദിവസേന ഒന്നുരണ്ടു മണിക്കൂറുകൾ നേരം നമ്മുടെ ശരീരത്തെ പൂൎണ്ണമായും നേരിട്ടും ഈ കിരണങ്ങൾ ഏല്പിക്കുന്നതായാൽ നമുക്കു തീൎച്ചയായും യാതൊരു രോഗവും കൂടാതെ ദീൎഘകാലം ജീവിച്ചിരിക്കുവാൻ കഴിയുന്നതാണു.

"സൂൎയ്യാതപഃ സ്വേദവഹഃ സൎവ്വരോഗവിനാശകഃ.
മേദച്ഛേദകരശ്ചൈവ ബലോത്സാഹവിവൎദ്ധനഃ."

[സൂൎയ്യാതപം സ്വേദത്തെ (വിയൎപ്പിനെ) ഉണ്ടാക്കുന്നതും സൎവ്വരോഗങ്ങളേയും വിശേഷേണ നശിപ്പിക്കുന്നതും മേദസ്സിനെ കുറയ്ക്കുന്നതും ബലത്തേയും ഉത്സാഹത്തേയും വൎദ്ധിപ്പിക്കുന്നതും ആകുന്നു.]

"ദദ്രുവിസ്ഫോടകുഷ്ഠഘ്നഃ കാമലാശോഫനാശകഃ
ജ്വരാതിസാരശൂലാനാം ഹാരകോ നാത്ര സംശയഃ."

[ചുണങ്ങു്, സരസൻ, (പൊരികണ്ണി) കുഷ്ഠം, കാമലാ, മഹോദരം, പനി, അതിസാരം, ശൂല, ഇവയെ സംശയമെന്നിയെ നശിപ്പിക്കുന്നതാകുന്നു.]

"കഫപിത്തോദ്ഭവാൻരോഗാൻ വാതരോഗാംസ്തഥൈവ ച
തത്സേവനാന്നരോജിത്വാ ജീവേച്ച ശരദാംശതം."

[അതിന്റെ സേവനിമിത്തം — നിത്യോപയോഗംകൊണ്ടു് വാതപിത്തോദ്ഭവങ്ങളായ എല്ലാ രോഗങ്ങളേയും സകലവിധ വാതരോഗങ്ങളേയും ഇല്ലാതാക്കി മനുഷ്യർ നൂറുവർഷം സുഖമായി ജീവിച്ചിരിക്കുന്നതാകുന്നു.]

നമുക്ക് ഉന്മേഷവും ശക്തിയും സൂര്യരശ്മിയിൽ നിന്നുതന്നെയാണു് സദാ കിട്ടിക്കൊണ്ടിരിക്കുന്നതു്. മനുഷ്യശരീരത്തിലെ സ്വാഭാവികമായ ചൂടിനെ നിലനിർത്തിക്കൊണ്ടു പോകുവാൻ സഹായിക്കുന്നതും ഈ രശ്മികൾതന്നെയാണു്. വെയിൽകൊണ്ടു് നമ്മുടെ ശരീരം എത്രതന്നെ ചൂടുപിടിച്ചാലും നമ്മുടെ രക്തത്തിന്റെ ചൂടു് അതിന്നനുസരണമായി വർദ്ധിക്കുന്നില്ലെന്നുള്ള സംഗതി നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ഒന്നാണു്. നമ്മുടെ ശരീരാരോഗ്യത്തിന്നത്യാവശ്യമായ 'എനർജി' മുഴുവനും നമുക്ക് നമ്മുടെ ആഹാരത്തിൽനിന്നു മാത്രം ലഭ്യമാകുന്നില്ല. നമുക്ക് എനർജി നിരന്തരം കിട്ടിക്കൊണ്ടിരിക്കുന്നതു് സൂര്യരശ്മികളിൽനിന്നാണു്. ശരീരാവയവങ്ങളെ അത്യന്തം ഉത്സാഹഭരിതങ്ങളാക്കിക്കൊണ്ടിരിക്കുന്ന 'ഓസോൺ' ഉണ്ടാകുന്നതു് സൂര്യരശ്മിയുടെ വ്യാപാരത്തിൽനിന്നാണു്. ഈ ഓസോൺ നമ്മുടെ രക്തത്തെ ശുദ്ധി ചെയ്തുകൊണ്ടു് ഓജസ്ശക്തിയേയും സിരാശക്തികളേയും വർദ്ധിപ്പിക്കുകയും, ഹൃദയം, സിരകൾ, പേശികൾ, അസ്ഥികൾ, സ്രോതസ്സുകൾ, ഇവയെല്ലാം ഉന്മേഷം കൊടുക്കുകയും ശ്വാസകോശം, വയർ, ആമാശയപക്വാശയങ്ങൾ, പ്ലീഹ, മൂത്രസഞ്ചി ഇവകളുടെയെല്ലാം വ്യാപാരം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നു.

സൂക്ഷ്മം നോക്കുകയാണെങ്കിൽ, നമ്മെ രക്ഷിക്കുന്നതുതന്നെ സൂര്യനാണു്. വായുമണ്ഡലത്തിലും ജലത്തിലും ഭൂമിയുടെ ഉപരിതലത്തിലും ഉള്ള അനേകായിരം വിഷാണുക്കളെ നിശ്ശേഷം നശിപ്പിക്കുന്നതു് സൂര്യരശ്മിയാണു്. നാം ശ്വസിക്കുന്ന വായുവിനേയും നാം കുടിക്കുന്ന വെള്ളത്തേയും സൂര്യരശ്മി സദാ ശുദ്ധിചെയ്തുകൊണ്ടുതന്നെ ഇരിക്കുന്നു. നമുക്ക് ഭക്ഷണസാധനങ്ങളെ ഉണ്ടാക്കിത്തരുന്നതും, മഴ പെയ്യിപ്പിക്കുന്നതും സൂര്യനാണു്. രക്ഷിതാവായ വിഷ്ണുവായി പണ്ടുള്ളവർ സൂര്യനെ ആരാധിച്ചിരുന്നതു് വെറുതെയൊന്നുമല്ല. പ്രകൃതി സൌജന്യമായി ചെയ്യുന്നതും, മഹത്തരമായതും വിലമതിക്കുവാൻ സാധിക്കാത്തതും ആയ ഒരു സംഭാവനയാണു് സൂര്യരശ്മി. അതിനെ നാം വേണ്ടതുപോലെ വിനിയോഗിക്കേണ്ടതു് നമ്മുടെ ധർമ്മവും അങ്ങിനെ വിനിയോഗിക്കാതിരിക്കുന്നതു് വലിയ അധർമ്മവും ആകുന്നു.

സൂര്യനേയും സൂര്യരശ്മിയേയും പററി ഇത്രയെല്ലാം പറ

ഞ്ഞതു് പണ്ടത്തെ അന്ധവിശ്വാസം വെച്ചുകൊണ്ടായിരിക്കുമെന്നു പക്ഷെ ഇന്നത്തെ ചില പരിഷ്കാരികൾ അധിക്ഷേപിയ്ക്കുമായിരിക്കാം. അതൊന്നുമല്ല പരമാർത്ഥം—ഇന്നത്തെ പരിഷ്കൃതലോകം ആരാധിച്ചുപോരുന്ന പാശ്ചാത്യപണ്ഡിതന്മാർപോലും ഈ അഭിപ്രായക്കാരാണു്. ഇതിനെ തെളിയിക്കുവാനായി ഏതാനും പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായംകൂടെ താഴെ ഉദ്ധരിക്കാം.

സുപ്രസിദ്ധനായ ഡാക്ടർ റഡക്ക് പറയുന്നതാണിതു്:—"ശാരീരികമായ അഭിവൃദ്ധിയിലും ആരോഗ്യസംരക്ഷണാവിഷയത്തിലും സൂര്യരശ്മികൾക്കുള്ള പങ്കും പ്രാധാന്യവും ഇതുവരെയായും പൊതുജനങ്ങൾ വേണ്ടതുപോലെ അറിഞ്ഞുകഴിഞ്ഞിട്ടില്ലെന്നുവേണം പറയുവാൻ. ശരീരപുഷ്ടിയുണ്ടാകുന്നതിന്നും ആരോഗ്യം സംരക്ഷിക്കുന്നതിന്നുമായി പുരുഷന്മാരും സ്ത്രീകളും കുട്ടികളും എല്ലാം ദിവസേന ഏതാനും സമയം, സൂര്യരശ്മി നേരിട്ടു കൊള്ളാവുന്ന സ്ഥലത്തു് ചെലവാക്കേണ്ടതാകുന്നു. ഇരുട്ടറയിൽ മുളയ്ക്കുന്ന ഉരുളൻകിഴങ്ങിൻമുളകൾ, വെളിച്ചത്തു് കൊണ്ടുവരപ്പെടുന്നതുവരെ ക്ഷീണിച്ചും വിളർത്തും വരുന്നതായും, വെയിൽതട്ടാത്ത സ്ഥലത്തു് അതുപോലെതന്നെ മററു സസ്യങ്ങളും വളരുന്നതായും നാം കാണുന്നു. കേവലം ഇരുട്ടടഞ്ഞ സ്ഥലത്തും അടുക്കളയിലും മററും വളരുന്ന മനുഷ്യരും ഇതുപോലെതന്നെ ബലഹീനരായും രക്തപ്രസാദം കുറഞ്ഞു് വിളറിയവരായും തീരുന്നു."

ഡാക്ടർ ബാബെററിൻെറ പ്രഖ്യാപനം:—"പ്രകൃതിയുടെ ഔഷധസജ്ജീകരണശാലയിൽ ഏററവും പ്രധാനമായതും സിദ്ധമായതും ആയ ഔഷധം സൂര്യരശ്മിയാണു്. ഈ ദിവ്യൌഷധത്തെ വേണ്ടതുപോലെ ഉപയോഗിക്കാത്തതുകൊണ്ടാണു് പലവിധ രോഗങ്ങളും ഉണ്ടാകുന്നതു്. (ഡാക്ടർ ഇവിടെ ആ വക രോഗങ്ങളുടെ ഒരു സുദീർഘമായ ലിസ്ററു് കൊടുത്തിട്ടുണ്ടു്.)

ഡാക്ടർ ഫോർബ്സിൻെറ അഭിപ്രായം താഴെ ഉദ്ധരിക്കാം:—"സൂര്യരശ്മി വളരെ കുറച്ചുമാത്രം പ്രവേശിക്കുന്ന സ്ഥലങ്ങളിൽ പ്രവൃത്തിയെടുത്തു് ദിവസം കഴിക്കുന്നവരും അങ്ങിനെയുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരും മാനസികമായും ശാരീരികമായും ആരോഗ്യഹീനരായിത്തന്നെ തീരുമെന്നു് ഇപ്പോൾ എതിർവാദഭയംകൂടാതെ തിട്ടം പറയാവുന്നതാണു്. സൂര്യരശ്മി കേവലം തട്ടാതിരുന്നാൽ അതികഠിനങ്ങളായ പല രോഗങ്ങളും ഉണ്ടായേക്കുവാൻ മതി. ഇതിൻെറ കാരണം അവരുടെ രക്തം ഗുണത്തിലും തുകയിലും വ്യാപാരനിപുണതയിലും തുലോം താണുപോയതുതന്നെയാണു്. ഈ സ്ഥിതിയിൽ മുഖത്തിന്നു് പ്രേതാകൃതിപോലെ

നിർജ്ജീവമായ വിളർച്ചയും കണ്ണിൽ രക്തലേശമില്ലായ്മയും ത്വക്കിന്ന് ധാരാളം ജരയും അരക്കനിറവും മിനുപ്പും ഉണ്ടാകും. ഇതു നിമിത്തം ഉണ്ടാകാവുന്ന രോഗങ്ങൾക്ക് കണക്കൊന്നുമില്ല. വാർദ്ധക്യവും മരണവും കൂടെ അകാലത്തുതന്നെ സംഭവിക്കുവാൻ ഇടയായിത്തീരുന്നു."

സർ ജെയിംസ് വൈലി പറയുന്നു:—"സെൻറ് പീറേർസ്ബർഗ്ഗിലെ അതിവിസ്തൃതങ്ങളായ സൈന്യത്താവളങ്ങളിൽ എത്രയോ ലക്ഷം ജനങ്ങൾ അധിവസിക്കുന്നുണ്ടായിരുന്നു: ഈ സൈന്യത്താവളത്തിൻെറ ഒരു ഭാഗത്ത് തട്ടിയിരുന്നതുപോലെയുള്ള വെയിൽ അത്ര ധാരാളമായി മറുവശത്ത് തട്ടിയിരുന്നില്ല. വെയിൽതട്ടാത്ത സ്ഥലത്ത് താമസിച്ചിരുന്നവരുടെ ഇടയിൽ, വെയിൽതട്ടിയിരുന്ന സ്ഥലത്ത് താമസിച്ചിരുന്നവരുടെ ഇടയിൽ ഉണ്ടായ മരണത്തെക്കാൾ മൂന്നിരട്ടി അധികം മരണങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു.

"സൂര്യരശ്മിതട്ടാത്ത വീടുകളിൽ, 1896-മുതൽ പത്തുകൊല്ലം കാലം ബൊമ്പായിപട്ടണത്തിലും അതിൻെറ പരിസരപ്രദേശങ്ങളിലും പ്ലേഗ്രോഗം ഇടവിടാതെ ഉണ്ടായിക്കൊണ്ടിരുന്നു. ഇതു പ്രത്യക്ഷമായി പൊതുവിൽ അറിയപ്പെട്ട സംഗതിയാണ്. ഒടുവിൽ ആ വക വീടുകളെല്ലാം പൊളിച്ച് നിരത്തുകയാണുണ്ടായത്. ഇന്നും പ്ലേഗുണ്ടാകുന്ന വീടുകളുടെ സ്വഭാവം പരിശോധിച്ചുനോക്കുന്നതായാൽ അധികവും ഇത്തരത്തിലുള്ള വീടുകളാണെന്ന് പ്രത്യക്ഷപ്പെടുന്നതാകുന്നു.

"വെളിച്ചം കടക്കാത്തേടത്ത് രോഗം വസിക്കും" എന്ന പരമാർത്ഥം നമുക്ക് നമ്മുടെ ജീവിതത്തിൽത്തന്നെ അനുഭവപ്പെട്ടിട്ടുള്ളതായിരിക്കണം. എന്നാൽ അങ്ങിനെ രോഗികളായിത്തീരുന്നവരെ ഉടനെതന്നെ ധാരാളം സൂര്യരശ്മിതട്ടുന്ന വീട്ടിലേയ്ക്ക് മാററി താമസിപ്പിച്ചാൽ അതുകൊണ്ടുതന്നെ രോഗശാന്തി ഉണ്ടായിട്ടുള്ളതായും കണ്ടിരിക്കാം. ചുരുക്കി പറയുന്നതായാൽ, വെയിൽ ഈശ്വരനാൽ ദയാപുരസ്സരം നൽകപ്പെട്ടതായ ഒരു ദിവ്യാനുഗ്രഹംതന്നെയാകുന്നു.

ജീവനും വെളിച്ചത്തിനും തമ്മിലുള്ള അടുത്ത ബന്ധുത്വം, പ്രകൃതിയെ സൂക്ഷ്മദൃഷ്ടിയോടുകൂടി പരിശോധിച്ചുനോക്കുന്നവക്കെല്ലാം നല്ലപോലെ അനുഭവമാക്കാകുന്നതേയുള്ളു. സൂര്യരശ്മിക്ക് മനുഷ്യശരീരത്തിന്മേൽ ഗുണപ്രദമായ ഒരു പ്രേരകശക്തി സ്വതസ്സിദ്ധമായിത്തന്നെ ഉണ്ടെന്നും ആരോഗ്യത്തെ സംരക്ഷിക്കുവാൻ സഹായമായിരിക്കുന്നത് ഈ ശക്തിവിശേഷമാണെന്നും, വിശേ

ഷിച്ച് സൂൎയ്യരശ്മി നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുക്കുന്നതിന്ന് ഒരു കൈകണ്ട ഔഷധമാണെന്നും എല്ലാ പ്രകൃതിനിരീക്ഷകന്മാരും സശിരഃകമ്പം സമ്മതിക്കുന്ന സംഗതികളാകുന്നു.”

ഡാക്ടർ വിൻസ്ലോ:—“പാരിസ്സിൽ ഒരു രോഗാതുരയുണ്ടായിരുന്നു. അവൾക്കില്ലാത്ത രോഗങ്ങളൊന്നുമില്ല. ആ പാവം നന്നേ ബുദ്ധിമുട്ടി. വൈദ്യന്മാർ ആകുന്നതെല്ലാം പരീക്ഷിച്ചുനോക്കി; അവളുടെ കയ്യിൽനിന്ന് ഒട്ടേറെ പണവും അപഹരിച്ചു. ഒരു പ്രയോജനവും ഉണ്ടായില്ല. എല്ലാവരും കയ്യൊഴിച്ചു. ആ സ്ത്രീയുടെ കാൎയ്യം വളരെ കഷ്ടത്തിലായി. അനന്യശരണയായിതീൎന്ന അവൾ അന്ത്യകാലം പ്രതീക്ഷിച്ച് ഇരിപ്പുമായി.

ഈ സ്ത്രീയുടെ താമസം മിക്കവാറും ഇരുട്ടടഞ്ഞ ഒരു മുറിയിലായിരുന്നു. അവിടെനിന്ന് മറ്റൊരുസ്ഥലത്ത് മാറി താമസിക്കുവാൻ ഞാൻ ഉപദേശിച്ചു. അവളുടെ ആയുസ്സിന്റെ ബലംകൊണ്ട് അവൾ അത് സമ്മതിച്ചു. മാത്രമല്ല, അതിൽപിന്നെ അല്പകാലംകൊണ്ട്, മറ്റൊരു ചെലവു കൂടാതെതന്നെ ആ സ്ത്രീയുടെ രോഗം നിശ്ശേഷം സുഖപ്പെട്ടുകയും ചെയ്തു.”

ഡാക്ടർബൊബെിദ്:—പ്രകൃത്യാതന്നെ സൂൎയ്യപ്രകാശത്തിൽ എല്ലാ നിറങ്ങളും സ്വാഭാവികമായ വിധത്തിൽ സമ്മേളിച്ചിരിപ്പുണ്ട്. അതുകൊണ്ടു ശുദ്ധമായ സൂൎയ്യകിരണം മറ്റെല്ലാത്തരങ്ങളിലും നിറങ്ങളിലും ഉള്ള വെളിച്ചങ്ങളെക്കാൾ അധികം പ്രയോജനമുള്ളതാണ്. ശുദ്ധമായ സൂൎയ്യപ്രകാശത്തിൽ ‘തർമാൾ’ ശക്തികളും ഇലക്ട്രിക്ക് ശക്തികളും ഒരുപോലെ സമ്മേളിക്കുന്നു. അതിനാൽ അത് സ്വപ്രകൃതിയാൽത്തന്നെ ചൂടുണ്ടാക്കുന്നതും ഉണർവുണ്ടാക്കുന്നതും ആയ സ്വഭാവത്തോടുകൂടിയതത്രെ. അത് നിദ്രാവസ്ഥയെ പ്രാപിച്ചുകിടക്കുന്ന ഭാഗങ്ങളെ തട്ടിയുണൎത്തി അവയെക്കൊണ്ട് പ്രവൎത്തിയെടുപ്പിക്കുന്നു. എന്നാൽ വേനൽക്കാലങ്ങളിൽ സാധാരണമായും, വെയിൽ തട്ടുമ്പോൾ വേഗത്തിൽ ക്ഷോഭം ജാതമാകുന്ന മസ്തിഷ്കങ്ങൾക്ക് പ്രത്യേകമായും വേണ്ടതിലധികം ചൂടുണ്ടാകുന്നതായിത്തീരുന്നുണ്ട്. വൃക്ഷലതാദികളിൽ കൂടയൊ ചായക്കണ്ണാടിയിൽ കൂടയൊ കടന്നുപോകുന്ന രശ്മികൾക്ക് ശക്തികുറവാകയാൽ അവ മനുഷ്യൎക്ക് അധികം പ്രയോജനമുള്ളതായിത്തീരുന്നു. മാത്രമല്ല, ഏതാനും രോഗങ്ങളെ ഉണ്ടാക്കുവാനുള്ള ഏതാനും ശക്തികളെ അവയിൽനിന്ന് അനായാസേന വേൎതിരിച്ചെടുക്കാവുന്നതും ആകുന്നു.

ധാരാളം വെയിൽകൊള്ളുന്നതായാൽ നമ്മുടെ തൊക്ക് അധികം വൃത്തിയാകും; രക്തപ്രസാദം വൎദ്ധിക്കും. ആകെ ഒരു ഇരുണ്ട

വണ്ണത്തോടുകൂടിയതായിത്തീരുകയും ചെയ്യും. സൂര്യകിരണങ്ങളിൽനിന്ന് ത്വക്കു സ്വീകരിക്കുന്ന 'കാർബൺ' നിമിത്തമാണ് ഇപ്രകാരം സംഭവിക്കുന്നത്. വെയിൽകൊള്ളുന്നതുകൊണ്ടു സിരകൾക്ക് ഉന്മേഷം വർദ്ധിക്കുന്നു. അധികമായ ശക്തിയോടും വേഗത്തോടുംകൂടി രക്തത്തെ ശരീരത്തിലെങ്ങും സഞ്ചരിപ്പിക്കുവാനും സാധിക്കുന്നു. മാത്രമല്ല, സൂര്യകിരണങ്ങൾതന്നെ തൊക്കിന്ന് കട്ടപ്പം കൊടുക്കുന്നതുകൊണ്ട്, അതിന്ന് വായു സമ്പർക്കംനിമിത്തം ഉണ്ടാകാവുന്ന ദോഷങ്ങളെ തടുക്കുവാനുള്ള ശക്തി ധാരാളം ലഭ്യമാകുന്നതുമുണ്ട്. നമ്മുടെ ഉള്ളിലുള്ള ഏതെങ്കിലും അവയവത്തിന്ന് വീക്കം ഉണ്ടായാൽ അതിനെ നിവാരണംചെയ്യുന്നതിന്നും നമ്മുടെ രക്തത്തെ വീര്യപുഷ്ടിയും ഗുണപുഷ്ടിയുംഉള്ളതാക്കിത്തീർക്കുന്നതിനും നാം ഭക്ഷിക്കുന്ന ഭക്ഷണസാധനങ്ങളിൽ നിന്ന് അണുലവണങ്ങൾ ആവശ്യംപോലെ വലിച്ചെടുക്കുന്നതിന്നു വേണ്ട ശക്തി വർദ്ധിപ്പിക്കുന്നതിനും സൂര്യരശ്മി ഉതകുന്നതാണ്".

"ഇംഗ്ലീഷിൽ 'ബറിബറി' എന്നു പറയപ്പെടുന്ന ഒരു മഹാരോഗമുണ്ട്. വെയിൽകൊള്ളാതെ അകത്തടച്ചിരിക്കുകയും, ഗുണം കൂടിയതായ തവിട്—അണുലവണം—നീക്കംചെയ്തതിന്നുശേഷമുള്ള അരി സാധാരണ ദിനഭക്ഷണമായി ശീലിക്കുകയും ചെയ്യുന്നവരെയാണ് ബറിബറി ബാധിച്ചുകാണാറുള്ളത്".

(തുടരും)

---


## അഷ്ടാംഗഹൃദയം.

വാസുദേവീയം എന്ന വിസ്തരമായ ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

സൂത്രസ്ഥാനം പൂർവ്വാർദ്ധം.

വില ക 3-0-0-മൂന്നുരൂപ.

അവശ്യപ്പെടേണ്ടും മേൽവിലാസം.

പണ്ഡിത സി. കെ. വാസുദേവശർമ്മാ,

കോതാണത്ത് ഇല്ലം,

പൈങ്കണ്ണൂര്—വളാഞ്ചേരി.

എസ്സ്. റ്റി. റഡ്ഢ്യാർ, അൻറ് സൺസ്—കൊല്ലം.

# തെററിദ്ധരിച്ചു.

(ടി. എസ്സ്.)

I.

എന്തു്? ഭവതിയുടെ ഹൃദയം ഇത്ര കഠിനമാണോ? ഞാൻ നിന്നെ ഇത്ര സ്നേഹിച്ചിട്ടും നീ എന്നെ ഇങ്ങനെയല്ലെ വഞ്ചിച്ചതു്. സ്ത്രീഹൃദയം ഇത്ര ചാപലമാണോ? നീ എന്നോടു കാണിച്ചിരുന്ന പ്രേമം—ആ പ്രവൃത്തിക്കു പ്രേമമെന്നു പറയുകയോ—തീരെ വയ്യ!—ആ ചാപല്യം ഞാൻ വാസ്തവമെന്നു വിശ്വസിച്ചു. എന്റെ ഹൃദയകോരകത്തെ വികസിപ്പിച്ചുകൊണ്ടിരുന്ന ഭവതിയുടെ മുഖചന്ദ്രനിൽ കളങ്കം ബാധിച്ചിട്ടുണ്ടെന്നു് ആരറിഞ്ഞു. ആ പുഞ്ചിരിയുടെ അന്തർഭാഗത്തു വഞ്ചനയുടെ ചെറിയ ഒരു വിത്തുമുളച്ചുവരുന്നുണ്ടെന്നു് ഈ കാമുകഹൃദയത്തിന്നു മനസ്സിലാക്കുവാൻ സാധിച്ചില്ല.

മീനാക്ഷി! നീയെന്നെച്ചതിച്ചു. ഭവതിയുടെ പ്രേമലേഖനത്തിലെ ഓരോ വാക്കും—ഓരോപ്രണയം നിറഞ്ഞ കവിതയായിരുന്നു. അതെന്റെ ഹൃദയത്തിൽ അമൃതുകോരിച്ചൊരിഞ്ഞിരുന്നു. ഭവതിയുടെ ഓരോ പ്രവൃത്തിയും എന്റെ ഭാഗ്യോന്നമനത്തിന്നുള്ള സോപാനമെന്നു ഞാൻ കരുതി. ഭവതിയുടെ അപാംഗവീക്ഷണമാകുന്ന സൂത്രം ചിന്നിച്ചിതറിക്കിടക്കുന്ന എന്റെ ജീവിതസൂനത്തിന്റെ ഇതളുകളെ കോർത്തൊരു മാല്യം തീർക്കുകയാണെന്നു ഞാൻ വിചാരിച്ചു. ആ ദിനം—നാം ഭാര്യാഭർത്താക്കന്മാരാകുന്ന ആ സുദിനം—അതിവിദൂരത്തല്ലാത്ത നമ്മുടെ നാകം—ഓർത്തു എത്ര സുഖസ്വപ്നങ്ങളാണു ഞാൻ അനുഭവിച്ചിട്ടുള്ളതു്. എത്ര ആകാശക്കോട്ടകളാണു കെട്ടീട്ടുള്ളതു്. ഹാ! ഇത്ര ഭംഗിയുള്ള തിരശ്ശീലയുടെ പിന്നിൽ ഒരു കരിവേഷം ഒളിച്ചുനിൽക്കുന്നുണ്ടെന്നു കരുതുവാൻകൂടി എനിക്കു കഴിഞ്ഞില്ല.

ഞാൻ എന്തിന്നു ഭവതിയെ കുററം പറയുന്നു. ഞാൻ ഇപ്പോഴും ഒരു വിദ്യാർത്ഥിച്ചെറുക്കൻ. ഭവതി ഒരു വിദ്യാർത്ഥിനിയാണെങ്കിലും സൌന്ദര്യസാരം വഴിഞ്ഞൊഴുകുന്ന ഒരു യുവതിയായി. യുവകാമുകചിത്തങ്ങളാകുന്ന വണ്ടുകൾ ചുററും പാറിപ്പറക്കുന്ന ഒരു വികസിച്ച കുസുമമായി. ഭവതിക്കു ഒരു യോഗ്യനായ പുരുഷന്റെ ഭാര്യാപദത്തെ പ്രാപിക്കേണ്ട നില അതിക്രമിച്ചിരിക്കുന്നു. ലോ

കത്തിൻെറ ദൃഷ്ടിയിൽ എനിക്കിപ്പോൾ എന്തൊരു സ്ഥാനമാണുള്ളതു്.?

ഡാക്ടർ അച്യുതമേനോൻെറ സൌന്ദര്യത്തിലും സമ്പത്തിലും ഏതൊരു സുകുമാരയുടെ മനസ്സാണു പതിയാതിരിക്കുക. അദ്ദേഹത്തിൽ—ആ വലിയ ഉദ്യോഗസ്ഥനിൽ—നീ അനുരക്തയായതിൽ—നിൻെറ മനസ്സുപതിഞ്ഞതിൽ—ഞാൻ പരിതപിക്കുന്നില്ല. പക്ഷെ—

ഭവതി എന്നെ ചതിച്ചു. അന്നുതൊഴുവാൻ അമ്പലത്തിൽ വന്നപ്പോൾ—അതെനിക്കെങ്ങനെ മറക്കുവാൻ സാധിക്കും—പ്രഭാതസൂര്യൻെറ ചെങ്കതിരേററും, കുളിയുടെ ആയാസംകൊണ്ടും തെല്ലൊന്നു ചുവന്ന ഭവതിയുടെ വദനാരവിന്ദം അനുരാഗം കനിഞ്ഞൊഴുകുന്ന ആ അപാംഗവീക്ഷണം—പ്രേമോദ്വേഗത്തെ പ്രകടിപ്പിക്കുന്ന വിധത്തിൽ ഇളകുന്ന ആ വക്ഷഃസ്ഥലം—നതമുഖിയായി മരാളമന്ദയാനയായ ഭവതിയുടെ അലസ്യഭാവം—ഞാൻ അന്നു സ്വർഗ്ഗലോകത്തിലായിരുന്നു. ആ സംഭവം എൻെറ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതുവാൻ തുടങ്ങി. കേവലം നിശ്ശബ്ദമായി കിടന്നിരുന്ന ആ ദേവാലയത്തിൽ വെച്ചു് ഇടറുന്ന കാലുകളോടുകൂടി, വിറക്കുന്ന കൈകളോടുകൂടി, തുടിക്കുന്ന ഹൃദയത്തോടുകൂടി ഭവതിയെ ഒന്നാലിംഗനം ചെയ്തതും ആ പൂങ്കവിളിൽ ഒരു പ്രേമമുദ്ര സമപ്പിച്ചതും ഇന്നും അവിടെ കിടക്കുന്ന ശുഷ്കപത്രങ്ങൾ മമ്മരസ്വരത്തിൽ തമ്മിൽതമ്മിൽ മന്ത്രിക്കാറുണ്ടു്. മന്ദമാരുതൻ ഒരു നെടുവീപ്പിട്ടുകൊണ്ടു് അവിടെ അലഞ്ഞെത്താറുണ്ടു്. എന്നാൽ ആ സംഭവം കാലയവനികയ്ക്കുള്ളിൽ എത്ര ക്ഷണം മാഞ്ഞുപോയി. ഒരു തപ്തഹൃദയം മാത്രം ഇതു കേഴണ്ടിയുംവന്നു.

എൻെറ പ്രേമലത വാടിപ്പോയി. അതെങ്ങനെ വാടാതിരിക്കും. ഭവതിയുടെ കല്ലുപോലുള്ള ഹൃദയത്തിലുണ്ടോ എൻെറ പ്രേമലത വളരുന്നു. നമ്രമുഖിയായിനിന്നു തേനഞ്ചും സ്വരത്തിലോതുന്ന മധുരവാക്കുകളും തൂനിലാവിന്നസൂയ തോന്നിക്കുന്ന ആ മന്ദഹാസവും—ഹാ! അവസാനം ഇങ്ങനെയാണോ സംഭവിച്ചതു്. എൻെറ ഹൃദയത്തിൽ പററിയ ക്ഷതം ഇനി മാറവുവാൻ അസാദ്ധ്യമാണു്. ഭവതിക്കു ഒടുവിൽ ഇതാ ഒരെഴുത്തുംകൂടി അയച്ചു് എൻെറ ജീവിതം ... ... ... ...

ii

"സ്ത്രീഹൃദയം ഇത്ര ക്രൂരതനിറഞ്ഞതാണെന്നു ഞാൻ ഇതേവരെ വിചാരിച്ചിരുന്നില്ല. അല്ലെങ്കിൽ നല്ല വസ്തുക്കൾ കാം

ക്ഷിക്കുന്നതിൽ ആരേയും കുററം പറഞ്ഞുകൂട. ഭവതിയുടെ ഭർത്താവാകുവാൻ എങ്ങനെയായാലും അച്യുതമേനോൻതന്നെയാണ് യോഗ്യൻ. മനസ്സു വല്ലദിക്കിലും പാറിപ്പോയിട്ടുണ്ടെങ്കിൽ പിടിച്ചുകൊണ്ടുവന്നു ക്ഷണം അദ്ദേഹത്തിൽതന്നെ സമർപ്പിക്കുക. ദമ്പതിമാരായ നിങ്ങളുടെ ജീവിതയാത്രയിൽ വഴിയിൽ ഞാനൊരു മുള്ളായിക്കിടക്കുവാൻ വിചാരിക്കുന്നില്ല. ഒരുപക്ഷെ ഇക്കത്തെഴുതിയ കരം നാളെ കാലത്തേക്കു മരവിച്ചിട്ടുണ്ടാകും" എന്നു ഭവതിയാൽ പ്രേമവഞ്ചിതമായി കടന്നു പിടയുന്ന ഒരു തപ്തഹൃദയം. ബാലൻ (ഒപ്പ്)

എഴുത്തു വായിച്ചതോടുകൂടെ മീനുവിൻെറ — അതായിരുന്നു വീട്ടുകാർ അവളെ വിളിച്ചിരുന്നത് — ഹൃദയത്തിൽ ഒരു ഇടിവാൾ പാഞ്ഞു. "അദ്ദേഹം എന്നെ തെററിദ്ധരിച്ചിരിക്കണം. അല്ലാതെ ഇത്തരത്തിലൊരെഴുത്ത് എഴുതുവാൻ കാരണം കാണുന്നില്ല. ഒരു സമയം അദ്ദേഹം വല്ല കട്ടംകയ്യും ചെയ്യപോയേക്കാം. ഇപ്പോൾ തന്നെ ഇങ്ങോട്ടൊന്നുവരുത്തണം" എന്നു അവൾ തീർച്ചയാക്കി.

"ഇങ്ങോട്ടൊന്നു വേഗം വരണം. ദീനശയ്യയിൽ കിടന്നു പിടയുന്ന ഒരു അബലയുടെ മനസ്സിനെ സമാശ്വസിപ്പിക്കുവാനുള്ള ഒരു സന്മനസ്സ് അങ്ങയ്ക്കുണ്ടെന്നു വിശ്വസിക്കുന്നു. ഇനി ദേഹവും ദേഹിയും വേർപിരിയുംമുമ്പെ ഒരുകണ്ണു കാണണമെന്നേ അത്യാഗ്രഹമുള്ളു." എന്ന് അങ്ങയെ ആരാധിക്കുന്ന മീനു.

എഴുത്തു പശവച്ചു ഭൃത്യൻവശം കൊടുത്തയച്ചു. തനിക്ക് അത്യന്തം സുഖക്കേടാണെന്നു ബാലൻമേനോൻ ചോദിച്ചാൽ പറയണമെന്ന് അവൾ ഭൃത്യനോടുപദേശിച്ചിരുന്നു.

മീനുവിൻെറ എഴുത്തു ബാലൻമേനോൻ അഞ്ചാറുവട്ടം വായിച്ചു. കണ്ണുകൾ മഞ്ഞളിക്കുന്നതുപോലെ തോന്നി. "എന്ത്?" ഞാൻ അവളെ തെററിദ്ധരിക്കുകയായിരിക്കുമോ? പ്രേമാധിക്യംമൂലം അവൾ മരിക്കാറായിരിക്കുന്നുപോലും. ഈശ്വര! അതും ഞാൻകാരണമോ? ഞാൻ കുറച്ചു ദിവസമായി അങ്ങോട്ടു ചെല്ലാത്തതുകൊണ്ടുള്ള വ്യസനംമൂലം അവൾ ദീനശയ്യയെ പ്രാപിച്ചതായിരിക്കുമോ? അതവോ?—ഇതെല്ലാം സത്യമാണോ? സ്ത്രീഹൃദയം എങ്ങനെ വിശ്വസിക്കാം. അവളുടെ ഈ പ്രവൃത്തിയും എന്നെ വഞ്ചിക്കാനായിരിക്കുമോ? ഭൃത്യൻ അരനാഴികയുംകൂടി വൈകീട്ടാണു വന്നതെങ്കിൽ എനിക്ക് ഇങ്ങനെയൊന്നും ആലോചിക്കാതെ കഴിക്കാമാ

യിരുന്നു. അവൾക്കു വല്ലാത്ത സുഖക്കേടുണ്ടായിരിക്കണം. അല്ലാതെ ഇങ്ങനെ എഴുതുകയില്ലായിരുന്നു. ഭൃത്യനും അവൾക്കു വല്ലാത്ത സുഖക്കേടുണ്ടെന്നുതന്നെയാണു പറഞ്ഞതു്. വേഗം അങ്ങോട്ടു പോകണം. ഒട്ടും താമസിച്ചുകൂടാ."

ഇപ്രകാരം ഉറച്ചു ചിന്താവിവശനായി ഒരു ഭ്രാന്തൻെറ നിലയിൽ മേനോൻ മീനുവിൻെറ സൌധം പ്രാപിച്ചു.

iii

നേരം ഏകദേശം സന്ധ്യമയങ്ങിയിരിക്കുന്നു. മന്ദംമന്ദമുദിച്ചുയൎന്നുവരുന്ന ശശാങ്കൻ പാരിനെ ബാധിച്ചിരുന്ന കൂരിരുട്ടിനെ അല്പാല്പം നീക്കിത്തുടങ്ങി.

മേനോൻ മുറിയിലേക്കു കാലെടുത്തുവച്ചപ്പോൾ ആദ്യം കണ്ടതു ഡാക്ടർ അച്യുതമേനോനെയായിരുന്നു. അദ്ദേഹം കുറച്ചകലെയാണിരുന്നിരുന്നതു്. ഒരു മങ്ങിയ വെളിച്ചത്തിൽ മാത്രമെ മേനോനു് അദ്ദേഹത്തിൻെറ മുഖം കാണുവാൻ കഴിഞ്ഞുള്ളു.

ഡോക്ടരെ കണ്ടതോടുകൂടി മേനോൻെറ ശരീരം ആകെയൊന്നു വിറച്ചു. ഒരു പക്ഷെ അദ്ദേഹം മീനുവിനെ ചികിത്സിപ്പാൻ വന്നതാണെന്നു തൽക്കാലം മേനോൻ ആലോചിക്കാതിരുന്നില്ല. ഒടുവിൽ "മീനു എവിടെയാണെ"ന്നു മേനോൻ ചോദിച്ചു.

ഡാക്ടർ—എങ്ങോട്ടോ ചുവട്ടിലേക്കു പോയിരിക്കുകയാണെന്നു തോന്നുന്നു. കുറച്ചു കാപ്പികൊണ്ടുവരാമെന്നു പറഞ്ഞാണു പോയതു്.

മേനോൻ—അവൾക്കെന്തോ സുഖക്കേടാണെന്നു പറഞ്ഞതു്.

ഡാ—ഹേയ് ഒന്നുമില്ല. ഇത്രനേരം ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾതന്നെയാണു ചുവട്ടിലേക്കു പോയതു്.

എന്താണു ചെയ്യേണ്ടതു് എന്നു് എനിക്കു നിശ്ചയമില്ലാതെയായി. അയാളുടെ മുമ്പിൽ—തൻെറ പ്രണയസൎവ്വസ്വത്തെ അപഹരിച്ച ഒരാളുടെ മുമ്പിൽ മേനോനെങ്ങനെ നിലകൊള്ളും. ക്ഷമയും ഇല്ലേ ഒരതിത്തി തന്നോടിങ്ങോട്ടുവരുവാൻ പറഞ്ഞയച്ചതു് ഇപ്രകാരം ചതിക്കുവാനാണെന്നു മനസ്സിലായപ്പോൾ മേനോനു് അവിടെ നില്ക്കുവാൻ സാധിക്കാതെയായി. "ക്ഷണം ഇവിടെനിന്നു പോകുകയാണു നല്ലതു്. വല്ല അക്രമവും കോപം

കൊണ്ടു പ്രവർത്തിച്ചേക്കും” എന്നു തീർച്ചയാക്കി മേനോൻ പുറപ്പെട്ടു.

മേനോൻ--മീനു വന്നാൽ ഞാൻ പോയി എന്നു പറയുവാൻ അപേക്ഷ. സംഗതിയുണ്ടെങ്കിൽ പരലോകത്തുവച്ചു കാണാമെന്നു പറയൂ.

ഡാക്ടർ—ഇപ്പോൾതന്നെ വരാമെന്നു പറഞ്ഞിട്ടാണ് അവൾ താഴത്തേക്കു പോയതു്. വല്ലവരും വന്നാൽ ഇവിടെ ഇരിക്കാൻ പറയണം എന്നെന്നോടു പറഞ്ഞേല്പിച്ചിട്ടുണ്ടു്. നിങ്ങൾ എവിടെനിന്നാണു വരുന്നതു.

മേ—നിങ്ങൾക്കറിഞ്ഞിട്ടാവശ്യം?

ഡാ—ഇവിടെ വരുന്ന ആൾ ആരാണെന്നു് എനിക്കറിയേണ്ടേ?

മേ—എനിയ്ക്കു പറയുവാൻ മനസ്സില്ലെങ്കലോ. ഇത്രയ്ക്കായോ?

ഡാ—താനേ മനസ്സുണ്ടാകും.

മേ—വഞ്ചകന്മാരോടു് എനിക്കു സംസാരിക്കുവാൻ ലജ്ജയുണ്ടു്.

ഡാ—സ്ത്രീകളോടാണെങ്കിൽ ലജ്ജയുണ്ടാകുകയില്ല.

മേ—അധികപ്രസംഗം പറയാതിരിക്കൂ.

ഡാ—അധികപ്രസംഗിയായാൽ ഇങ്ങനെയാണ്.

മേ—പുറത്തുപച്ചായിരുന്നുവെങ്കിൽ......

ഡാ—മുഴുവൻ പറയൂ.

മേ—എന്നാൽ—നാവേ! അടങ്ങൂ.

ഡാ—വെറുതെ തെററിദ്ധരിച്ചിട്ടുണ്ടാകും.

മേ—തെററിദ്ധരിക്കണം. മണ്ണാംകട്ടയാണ്.

ഡാ—വഴിയെ അറിയാറാകും.

മേ—ഇപ്പോൾത്തന്നെ അറിയിച്ചുതരാം.

എന്നുപറഞ്ഞു മേനോൻ ചാടി എഴുനേററു. പരിഭ്രമിച്ചെഴുനേററതോടുകൂടി ഡോക്ടരുടെ തലയിൽ ധരിച്ചിരുന്ന തൊപ്പി താഴെപതിച്ചു. അതോടുകൂടി നിതംബബിംബം മറയ്ക്കുന്ന കൂരിരുൾ കുന്തൽ പിന്നിലഴിഞ്ഞുതിർന്നു. കൃത്രിമമായി വച്ച മീശ എടുത്തു കളഞ്ഞു.

മേനോൻ—എന്തു—മീനുവോ? പ്രിയെ! എന്തിനിങ്ങനെ കബളിപ്പിക്കുന്നു.

മീനു—വെറുതെ എന്നെ തെററിദ്ധരിച്ചു. അതാണു കബളിപ്പിച്ചതു്. കഷ്ടം—അച്യുതമേനോൻ—എഴുതാൻ തോന്നിയല്ലോ.

എന്നു പറഞ്ഞതോടുകൂടി ആ സുകുമാരിയുടെ കണ്ണുകളിൽനിന്നു കണ്ണുനീർ ധാരധാരയായി ഒഴുകിത്തുടങ്ങി.

മേനോൻ—ഞാൻ സന്ധ്യയ്ക്കു് ഇവിടെ വരുമ്പോൾ അയാളെ ഭവതിയുടെ മുറിയിൽ കാണാറുണ്ട്. അന്നുമുതൽക്കാണു ഞാൻ ഇങ്ങോട്ടു കയറിവരാതെയായതു്.

മീന—അതുതന്നെയാണു തെററിദ്ധരിച്ചു എന്നു പറഞ്ഞതു്. ഇക്കൊല്ലം ഞങ്ങളുടെ സ്കൂളിൽ അഭിനയിക്കുന്ന നാടകത്തിൽ ഞാനൊരു ഡോക്ടരുടെ പാർട്ടാണെടുത്തിട്ടുള്ളതു്. സന്ധ്യയ്ക്കു ദിവസവും ഞാൻ തന്നത്താൻ അഭിനയിച്ചു നോക്കാറു പതിവുണ്ട്. അച്യുതമേനോൻേറയും എൻേറയും പൊക്കവും നിറവും സാമ്യമുള്ളതുകൊണ്ടു ഭവാൻ തെററിദ്ധരിച്ചു. അച്യുതമേനോനെന്നല്ല ഇന്ദ്രൻതന്നെ വന്നാലും എൻെറ പ്രാണനായകൻ ഭവാനല്ലാതെ മററാരുമല്ല.

മേനോൻ അവളെ ഗാഢമായി ആലിംഗനം ചെയ്തു അവളുടെ പൂങ്കവിളിൽ ഒന്നു ചുംബിച്ചു.

മേനോൻ—ഏതായാലും എൻെറ ഹൃദയത്തിന്നൊരു ക്ഷതം പററി. ഭവതി ഒരു ഡാക്ടരല്ലേ. ഇനി എന്നെ ചികിത്സിച്ചുകൊള്ളു.

---


## ദേവീപുരാണം.

(ഭാഷാഗദ്യം)

പരാശക്തിമാഹാത്മ്യത്തെ വിവരിക്കുന്നതും വായിക്കുമ്പോൾ ആരേയും രോമാഞ്ചകഞ്ചുകിതരാക്കിത്തീക്കുന്നതും, പാപപ്രക്ഷാളനംചെയ്തു് അവരെ പരമശാന്തിപദത്തിലേക്കു നയിക്കുന്നതും ആയ അനേകം പാവനകഥകളും ഉപകഥകളും അടങ്ങിയിരിക്കുന്ന ഈ ഉത്തമപുരാണത്തെ ദേവീഭക്തന്മാരെല്ലാം വായിക്കേണ്ടതാകുന്നു

ഒന്നാംതരം മേനിക്കടലാസു് കാലിക്കോബയൻറു് വില രൂപാ 1 അണ 12. രണ്ടാംതരം താണകടലാസു് വില രൂപാ 1 അണ 4

മാനേജർ, വി. വി. പ്രസ്സ്— കൊല്ലം.

# ആയുർവ്വേദം.

(തുടർച്ച)

(എം. എം. തമ്പി, മുതുകുളം.)

ഭരദ്വാജപരമ്പരയിൽ,

1. അഗ്നിവേശസംഹിത. 2. ഭേല(ള)സംഹിത. 3. ജാതൂകർണ്ണസംഹിത. 4. പരാശരസംഹിത. 5. ഹാരീതസംഹിത. 6. ക്ഷാരപാണിസംഹിത. 7. ചരകസംഹിത. എന്നീഗ്രന്ഥങ്ങളും,

ധന്വന്തരിപരമ്പരയിൽ,

1. സുശ്രുതസംഹിത. 2. പുഷ്കലാവതസംഹിത. 3. ഗോപുരരക്ഷിതസംഹിത. 4. ഭോജസംഹിത. 5. ഭാലുകിസംഹിത. 6. വൃദ്ധസുശ്രുതം എന്നീ ഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുള്ളതായി അറിയുന്നു. പ്രസ്തുതഗ്രന്ഥങ്ങൾകൂടാതെ കേരളത്തിൽ സർവ്വപ്രധാന പ്രചാരത്തിൽ ഇരിക്കുന്ന വാഗ്ഭടം എന്നൊരു പ്രശസ്തതരമായ വൈദ്യഗ്രന്ഥം ഉണ്ട്. ഇതിൻെറ കർത്താവായ വാഗ്ഭടാചാർയ്യർ മേൽ വിവരിച്ച രണ്ടു പരമ്പരയിലും ഉൾപ്പെട്ട അളായിരുന്നില്ല. ഇദ്ദേഹത്തിൻെറ ജനനസ്ഥലം സിന്ധുദേശമെന്നു മിക്കവാറും തീർച്ചപ്പെട്ടുത്തിയിരിക്കുന്നു. ക്രിസ്ത്വാബ്ദാരംഭകാലത്ത് ജീവിച്ചിരുന്ന റേസ്സസ്സ് എന്ന അറബിവൈദ്യൻ, ചുക്കിൻെറയും മററു മരുന്നുകളുടേയും ഗുണത്തേപ്പററി പറയുന്ന കൂട്ടത്തിൽ ഒരു ഹിന്ദുവൈദ്യൻെറ ഗ്രന്ഥത്തിൽനിന്നാണ് താൻ ഇതെടുത്തെഴുതിയതെന്നും ആ ഹിന്ദുവൈദ്യനെ താൻ 'സിന്ധിചരൻ' എന്നു വിളിച്ചു വരുന്നു എന്നും പറഞ്ഞിരിക്കുന്നു. ഈ സിന്ധിചരൻ (ചരകൻ) വാഗ്ഭടൻതന്നെയെന്നൂഹിക്കപ്പെട്ടിരിക്കുന്നു. സിന്ധി എന്നതു സിന്ധുദേശത്തിലെ എന്നും ചരശബ്ദത്തോട് ക പ്രത്യയംചെയ്ത് ചരകനാക്കിയിട്ടുള്ളതായും ക പ്രത്യയംകൊണ്ട് അക്കാലത്തു സിന്ധിചരൻ (വാഗ്ഭടൻ) കുട്ടിപ്രായമായിരുന്നു എന്നും ഊഹിക്കപ്പെടേണ്ടിയിരിക്കുന്നു. ജനനം സിന്ധുദേശത്തായിരുന്നെങ്കിലും അധികകാലവും കേരളത്തിൽ അധിവസിച്ചിരുന്നതായി വിശ്വസിക്കുവാൻ ധാരാളം ന്യായങ്ങൾ ഉണ്ട്. അദ്ദേഹം ഇന്ദു, ജജ്ജടൻ മുതലായ ശിഷ്യവർഗ്ഗത്തോടുകൂടി കേരള

ത്തിൻെറ പലഭാഗത്തും താമസിച്ചു് വാഗ്ഭടം (അഷ്ടാംഗഹൃദയം) പ്രചുരപ്രചാരത്തിലാക്കിയിട്ടുള്ളതായി പല ലക്ഷ്യങ്ങളും ഉണ്ടായിട്ടുണ്ട്. ഇന്ത്യയിൽ മററെല്ലാ സ്ഥലങ്ങളേക്കാളും അഷ്ടാംഗഹൃദയചികിത്സ പ്രചാരപ്പെട്ടിരിക്കുന്നതു കേരളത്തിൽ മാത്രവും അതിലെ ചികിത്സാവിധികളായ ധാര, പിഴിച്ചിൽ, ഞവരക്കിഴി, തക്രധാര മുതലായവകൾ മററൊരിടത്തും ഇപ്പോഴും അനുഷ്ഠിച്ചുവരുന്നില്ലെന്നുള്ളതും പ്രത്യേകം സ്മരണീയമായിട്ടുള്ളതാകുന്നു. വിശിഷ്യ കേരളീയർമാത്രം വാഗ്ഭടനെ ഭക്തിശ്രദ്ധാപൂൎവ്വം ആരാധിച്ചുവരുന്നുമുണ്ട്. വാഗ്ഭടൻ ജനനാൽ ബ്രാഹ്മണനായിരുന്നു എന്നും അതല്ലാ ബുദ്ധമതക്കാരനായിരുന്നു എന്നും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. ജനനാൽ ബ്രാഹ്മണനായിരുന്ന ഇദ്ദേഹം എന്തോ സംഗതിവശാൽ ബുദ്ധമതം സ്വീകരിക്കേണ്ടിവന്നതാണെന്നാണു ഭൂരിപക്ഷാഭിപ്രായം. ഇദ്ദേഹത്തെപ്പററി എഴുതിയിട്ടുള്ള ഒരു വന്ദനശ്ലോകത്തിൽനിന്നും ഈ അഭിപ്രായസ്ഖാലിത്യത്തിൻെറ ഔചിത്യം ഏറക്കുറെ മനസ്സിലാക്കാൻ കഴിയുന്നതാകയാൽ ആ ശ്ലോകം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

ലംബശ്മശ്രുകലാപമംബുദനിഭച്ഛായാദ്യുതിം വൈദ്യകാ-
നന്തേവാസിന ഇന്ദുജജ്ജടമുഖാനദ്ധ്യാപയന്തം സദാ.
അഗ്ഗുല്ഫാമലകഞ്ചുകാഞ്ചിതദരാലക്ഷ്യോപവീതോജ്ജ്വലൽ-
കണ്ഠസ്ഥാഗരുസാരമഞ്ജിതദൃശം ധ്യായേദ്ദ്വിജം വാഗ്ഭടം.

ഏതായിരുന്നാലും ആചാൎയ്യവാഗ്ഭടനു് ബുദ്ധദേവനിൽ അധികം ഭക്തിയും വിശ്വാസവും ഉണ്ടായിരുന്നതായി അദ്ദേഹത്തിൻെറ കൃതിയായ വൃദ്ധവാഗ്ഭടം (അഷ്ടാംഗസംഗ്രഹം) എന്ന ഗ്രന്ഥത്തിലെ വന്ദനശ്ലോകം മതിയായ തെളിവു തരുന്നുണ്ട്.

തൃഷ്ണാദീൎഘമസദ്വികല്പശിരസം പ്രദ്വേഷചഞ്ചൽഫണം
കാമക്രോധവിഷം വിതൎക്കദശനം രാഗപ്രചണ്ഡേക്ഷണം
മോഹാസ്യം സ്വശരീരകോടരശയം ചിത്തോരഗം ദാരുണം
പ്രജ്ഞാമന്ത്രബലേന യശ്ശമിതവാൻ ബുദ്ധായ തസ്മൈ നമഃ.

വാഗ്ഭടനു് മുൻപറഞ്ഞ ആചാൎയ്യന്മാരെപ്പോലെ ഔഷധശസ്ത്രചികിത്സാസമ്പ്രദായത്തിൽ അഭിരുചിവ്യത്യാസം ഉണ്ടായിരുന്നില്ല. രണ്ടു വിഷയത്തിലും അനന്യസാധാരണമായ പാണ്ഡിത്യവും തദ്വാരാ പരിഷ്കാരവുമുണ്ടായിരുന്നു എന്നുള്ളതിലേക്കു് അഷ്ടാംഗഹൃദയംതന്നെ മതിയായ സാക്ഷ്യം വഹിക്കുന്നുണ്ട്. അഷ്ടാംഗഹൃദയത്തിന്നു് നേമാദ്രി, അരുണദത്തൻ, എന്നിവർ മുൻപിനാ

ലെ വ്യാഖ്യാനമെഴുതിയിട്ടുണ്ട്. സൂത്രസ്ഥാനത്തിന്ന് പാഠ്യം, ഹൃദയബോധിക, ദീപിക, ഹൃദ്യം എന്നിങ്ങനെയുള്ള വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ, സൎവ്വാംഗസുന്ദരി, ഭാവപ്രകാശം, അരുണോദയം മുതലായ അനേക വ്യാഖ്യാനങ്ങൾ ഓരോരുത്തർ എഴുതിയിട്ടുമുണ്ട് ആത്രേയസമ്പ്രദായത്തിന്നും ധന്വന്തരീസമ്പ്രദായത്തിന്നും വാഗ്ഭടസമ്പ്രദായത്തിന്നും പുറമേ 'താന്ത്രിക' സമ്പ്രദായം അല്ലെങ്കിൽ രസതന്ത്രം എന്നൊക്കെ വൈദ്യസമ്പ്രദായം കൂടിയുണ്ട്. ഇതിൻെറ കൎത്താക്കൾ നാഗാൎജ്ജുനൻ, മന്ഥാനഭൈരവൻ മുതലായവരാണ്. ഇനിയും ആയുൎവ്വേദത്തിൽനിന്നുൽഭവിച്ചതായി അഗസ്ത്യവൈദ്യം എന്നൊരു ഗ്രന്ഥംകൂടിയുണ്ട്. ഇതിൻെറ കൎത്താവ് സുപ്രസിദ്ധനായ അഗസ്ത്യമഹർഷിയാണ്. ഈ അഗസ്ത്യവൈദ്യം കേരളത്തിൽ അത്ര പ്രചാരമില്ല. ദക്ഷിണേന്ത്യയിൽ തമിഴ്ദേശത്തു ധാരാളം പ്രചാരമുള്ളതാണ്. അതിനാൽ അഗസ്ത്യവൈദ്യത്തെ തമിഴ്വൈദ്യം എന്നും പറഞ്ഞുവരുന്നു. ആണ്ടുതോറും ഹിമവൽതാഴ്വരയിൽ സൎവ്വമഹർഷിമാരും യോഗം ചേൎന്നു ആയുൎവ്വേദസംബന്ധമായും മററുമുള്ള നിരൂപണങ്ങൾ നടത്തുക പതിവുണ്ടായിരുന്നു. ആ യോഗത്തിൽ അഗസ്ത്യമഹർഷിയും ഒരു സാമാജികനായിരുന്നു. ചരകഗ്രന്ഥങ്ങളിൽ കാണുന്ന അഗസ്ത്യർ ഉത്തരാപഥംവിട്ട് ദക്ഷിണാപഥത്തിൽ ആശ്രമം ഉറപ്പിച്ചതോടുകൂടി ഭാഷ മുതലായതിനേക്കൂടി പരിഷ്കരിച്ച് സൎവ്വജനോപയോഗ്യമായ ആയുൎവ്വേദത്തെ ഒന്നുകൂടി പരിഷ്കരിക്കണമെന്നു വിചാരിച്ച് രസപ്രക്രിയാഭൂയിഷ്ഠമായ തൻെറ വൈദ്യസമ്പ്രദായത്തെ ദേശഭാഷയായ തമിഴിൽ നിൎമ്മിച്ച് അതിനെ പ്രചാരപ്പെടുത്തിയിട്ടുള്ളതായി ഊഹിക്കാൻ അനവധി ന്യായങ്ങൾ കാണുന്നുണ്ട്. അവകൾ വിസ്തരഭയത്താൽ പിൻവലിച്ചുകൊള്ളുന്നു. അഗസ്ത്യവൈദ്യപ്രവൎത്തകന്മാരായ സിദ്ധന്മാർ 18 എന്നും 20 എന്നും 48 എന്നും അഭിപ്രായഭിന്നതകളുണ്ട്. ഭൂരിപക്ഷാഭിപ്രായം അനുസരിച്ച് 18 പേർ എന്നു ഗണിക്കപ്പെട്ടിരിക്കുന്നു.

1. അഗസ്ത്യർ. 2. പുലസ്ത്യർ. 3. നന്ദീശർ. 4. മത്സ്യമുനി. 5. പിഡിനാക്കിശർ. 6. പുംശുണ്ടർ. 7. കരുപൂരാർ. 8. തിരുമൂലർ. 9. ചട്ടമുനി. 10. രോമർഷി. 11. ഭോഗർ. 12. ബ്രഹ്മമുനി. 13. സുന്ദരർ. 14. വാമദേവർ. 15. തേരയ്യർ. 16. കപിലർ. 17. കമലമുനി. 18. കൊങ്കണർ.

ഈ ഇനത്തിൽതന്നെ രണ്ടുവകക്കാർ ഉണ്ട്. ഉത്തരാപഥരീതി അനുസരിച്ച് സംസ്കൃതഭാഷയിൽ ഗ്രന്ഥമുണ്ടാക്കിയിട്ടുള്ളവരെ വട (വടക്കൻ) സമ്പ്രദായക്കാരെന്നും ദക്ഷിണാപഥരീതി അ

നുസരിച്ച് ദ്രാവിഡഭാഷയിൽ ഗ്രന്ഥം നിൎമ്മിച്ചിട്ടുള്ളവരെ തെൻ (തെക്കൻ) സമ്പ്രദായക്കാരെന്നും പറഞ്ഞുവരുന്നു. അഗസ്ത്യവൈദ്യരീത്യാ ഖനിജദ്രവ്യങ്ങളെ വളരെ വേഗത്തിൽ ഭസ്മമാക്കുന്നതിന് (നീററുന്നതിന്) കഴിയുന്നതാണ്. ഇതിൽ മററു ആയുൎവ്വേദഗ്രന്ഥങ്ങളിലെപ്പോലെ ദ്രവ്യങ്ങളുടെ രസവീൎയ്യവിപാകപ്രഭാവാദികളെ എടുത്തുകാണുന്നില്ല. രോഗപരീക്ഷണത്തിൽ അഷ്ടസ്ഥാനപരീക്ഷയും നാഡിപരീക്ഷയും ജാസ്തിയായി വിവരിച്ചിട്ടുണ്ട്. അഗസ്ത്യതന്ത്രം 16 ഗ്രന്ഥങ്ങളായിട്ടു നിൎമ്മിച്ചിരിക്കുന്നു. അവയുടെ പേരുകൾ.

1. ആയുൎവ്വേദവിജ്ഞാനം. 2. രത്നച്ചുരുക്കം. 3. പരിപൂൎണ്ണം. 4. രത്നകിരീടം. 5. കുണവാകടം. 6. ബാലവാകടം. 7. നൊയിൻസാരം. 8. വൈദ്യകാവിയം. 9. വല്ലാദി. 10. വൈദ്യമുതകം. 11. കുറിയടയാളം. 12. ഗുരു. 13. ചൂഡാമണി. 14. സിന്ദൂരം. 15. പൂരണം. 16. യമതതപം.

അഗസ്ത്യതന്ത്രവും മററു വൈദ്യന്മാരുടെ ഗ്രന്ഥങ്ങളും സംയോജിപ്പിച്ച് പതിനെൺ ചിത്തരുടെ ചിന്താമണി എന്ന പുസ്തകം കിഴക്കെ ഇൻഡ്യയിലെ ചിന്താമണി വൈദ്യസാമാജികന്മാരായ വേദഗിരി മുതലായവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിന്താമണിവൈദ്യത്തിൽ നിദാനം ഭേഷജകല്പം -- എന്നിവയ്ക്കു വൈശിഷ്ട്യാധിക്യം കാണുന്നു. നാഡീവിഷയമായിത്തന്നെ 1341 പാട്ടുകൾ പാടിയിട്ടുണ്ട്. മേൽപറഞ്ഞ ഭേഷജകല്പത്തെ ഏഴു ഗണമാക്കി വിഭജിച്ചിരിക്കുന്നു.

1. കാരഗണം (ചവക്കാരം മുതലായ കാരങ്ങൾ 35.) 2. വിഷഗണം (പാഷാണം മുതലായവ 32.) 3. രസഗണം (രസം മുതലായ ഉപരസങ്ങൾ 112.) 4. ലോഹഗണം (സ്വൎണ്ണം വെള്ളി മുതലായവ 11.) 5. ജലഗണം (ദിവ്യോദകം മുതലായവ 16.) 6. ശുഷ്കൌഷധഗണം (ചുക്കു മുതലായവ 64.) 7. മൂലികാഗണം (അമൃതു മുതലായവ 412.) ആകെ 682 ഔഷധങ്ങളും അവയുടെ പല വകഭേദങ്ങളും ശുദ്ധിമാരണങ്ങളും ശത്രുമിത്രങ്ങളും സംസ്കാരഭേദങ്ങളും വിശദമായി വിവരിച്ചിട്ടുണ്ട്. കൂടാതെ യോഗനിൎമ്മാണദ്രവ്യങ്ങളായി പതിനാറു വിഭാഗങ്ങൾകൂടിയുണ്ട്. അവ,

1. ഭസ്മം. 2. സിന്ദൂരം. 3. മാത്ര. 4. ഗുളിക. 5. വടകം. 6. രസായനം. 7. ചൂൎണ്ണം. 8. ലേഹ്യം. 9. ആസവം. 10. കുഴമ്പ്. 11. പ്ലാസ്റ്റർ. 12. തൈലം. 13. ഘൃതം. 14. രസം. 15. ദ്രാവകം. 16. കഷായം.

ഇനിയും ചിന്താമണിയുടെ ഗുണപൌഷ്കല്യത്തെ നോക്കിയാൽ ഔഷധങ്ങൾക്കു രോഗശമനശക്തിയുടെ ശീഘ്രകാരിത്വം സ്വല്പമാത്രകൊണ്ടുള്ള നിവൃത്തി, മരുന്നുകൾ സംഗ്രഹിച്ചു വയ്ക്കുവാനുള്ള സ്വാധീനം, കാലാധിക്യത്താൽ പഴക്കമില്ലായ്മ, ചികിത്സിക്കാനുള്ള എളുപ്പം ഇവകളാൽ ആയുൎവ്വേദഗ്രന്ഥങ്ങളേക്കാൾ ഇതിന്നൊരു മെച്ചമുണ്ടെന്നു സമ്മതിക്കാതിരിക്കുവാൻ നിവ്വാഹമില്ല. മേൽപറഞ്ഞിട്ടുള്ള വൈദ്യഗ്രന്ഥങ്ങൾ കൂടാതെ സിദ്ധവൈദ്യം എന്നൊരു ഗ്രന്ഥം കൂടിയുണ്ട്. ശ്രീപരമേശ്വരൻ പാൎവ്വതീദേവിക്കുപദേശിച്ചുകൊടുത്തിട്ടുള്ളതും എട്ടു ഖണ്ഡങ്ങളിലായി നൂററി അൻപതദ്ധ്യായങ്ങളും ലക്ഷത്തി അൻപതിനായിരം ശ്ലോകങ്ങളും ഉള്ള ഇതിനെ പാൎവ്വതീദേവിക്കുപദേശിക്കുമ്പോൾ കേട്ടുനിന്നിരുന്ന നന്ദികേശ്വരൻ ഗ്രന്ഥരൂപേണ നിൎമ്മിച്ചിട്ടുള്ളതായും തന്നിമിത്തം അതിന്നു 'നന്ദികേശ്വര' സംഹിത എന്നുകൂടി പേർ സിദ്ധിച്ചിട്ടുള്ളതായും മററും പല ഐതിഹ്യങ്ങളുമുണ്ട്. സിദ്ധവൈദ്യത്തിൽതന്നെ രണ്ടു വിഭാഗങ്ങൾ ഉണ്ട്. ഇതിനെപ്പററി മാലിനീതന്ത്രത്തിൽ,

"സിദ്ധവൈദ്യം ദ്വിധാപ്രോക്തം മയാ പൎവ്വതനന്ദിനി!
പ്രാണായാമംചകല്പംച ദേഹിനാം ദേഹസിദ്ധയേ
പ്രാണവായുംനിയമ്യാത്ര പരമാത്മനി യോജയേത്
സൎവ്വസിദ്ധിംസ്വയംഭാതി നാത്രകാൎയ്യാ വിചാരണാ
അപരന്തുമഹാമായേ! ദിവ്യൌഷധനിഷേവണാത്
വജ്രകായമവാപ്നോതി കല്പാന്തേഷ്വപിജീവതി
അത്രാഷ്ടാദശസംസിദ്ധിം സ്വയമേവാ വൃണോതിതം."

എന്നു പറഞ്ഞിരിക്കുന്നു. മുൻ പ്രസ്താവിച്ചിട്ടുള്ളവ കൂടാതെ ആയുൎവ്വേദസംബന്ധമായി പലരും അനവധി ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ട്. ഭാവപ്രകാശം, ചക്രദത്തം, ആയുൎവ്വേദവിജ്ഞാനീയം, മാധവനിദാനം, യോഗരത്നാകരം, വൃന്ദമാധവം, ഭൈഷജ്യരത്നാവലി, കല്യാണകാരകം, ആനന്ദകന്ദകം, ശിവതത്വരത്നാകരം, ലോലുംബരാജീയം, സഹസ്രയോഗം, വൈദ്യജീവനം, സൎവ്വരോഗചികിത്സാരത്നം, സൎവ്വരോഗചികിത്സാരത്നം, ബസവരാജീയം, സുഖസാധകം, വൈദ്യമനോരമ, ബ്രഹ്മരഹസ്യം മുതലായ പല ഗ്രന്ഥങ്ങളും നിൎമ്മിച്ചിട്ടുണ്ട്. ഇവയിൽ പലതും പ്രസിദ്ധീകരിക്കാതെ നശിച്ചുപോയിട്ടുള്ളതിനാലും ഇൻഡ്യയെ മഹമ്മദ്ദരാജാക്കന്മാർ കൊള്ളനടത്തിയ അവസരത്തിൽ അവർ മേല്പറഞ്ഞ ഗ്രന്ഥങ്ങളിൽ പലതും ഇൻഡ്യയിൽനിന്നും കൊണ്ടുപോയിട്ടുള്ള

തിനാലും ഇപ്പോഠം നാമാവശേഷമായി കലാശിച്ചിരിക്കുന്നു എന്നുകൂടി വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു.

ചതുൎവ്വേദത്തെ എല്ലാ മതക്കാരും രാജ്യക്കാരും ഒരുപോലെ ബഹുമാനിച്ചുവരുന്നില്ല. ആയുൎവ്വേദത്തെ സമസ്തജീവരാശികളും ഒരുപോലെ ആദരിച്ച് സ്വീകരിച്ചുവരുന്നു. ഹൈന്ദവശാസ്ത്രപ്രകാരം ഷട് ഭാവവികാരങ്ങളുള്ള എല്ലാററിനും ജീവനുണ്ടെന്നു സിദ്ധാന്തിച്ചിരിക്കുന്നു. ജീവനുള്ള സൎവ്വത്തിൻെറയും ജീവസംരക്ഷണത്തിനുള്ള ഉപദേശം നൽകി. ആയുസ്സിനെ പരിരക്ഷിക്കുന്നതു് ആയുൎവ്വേദം (ആയുസ്സിൻെറവേദം) ആകയാൽ ഇതിനെ സകല ജാതിമതക്കാരും രാജ്യക്കാരും പക്ഷിമൃഗാദിജന്തുക്കളും സ്ത്രീപുരുഷഭേദമോ പണ്ഡിതപാമരതാഭേദമോ കുചേലകുബേരതാഭേദമോ കൂടാതെ ആദരിച്ച് സശ്രദ്ധം സ്വീകരിച്ചുവരുന്നുണ്ടു്. സൃഷ്ടിസ്ഥിതിസംഹാരകൎമ്മങ്ങളിൽ ഔൽകൃഷ്ട്യപ്രാപ്തമായ സ്ഥിതി (സംരക്ഷണം) യുടെ സ്ഥിരീകരണത്തിന്നവശ്യം ആവശ്യമായ പ്രസ്തുത പഞ്ചമവേദം ചതുൎവ്വേദത്തേക്കാഠം മുഖ്യവും സൎവ്വലോകൈകമാന്യവുമെന്നു മേൽ വിവരിച്ച കാരണങ്ങളാൽ സിദ്ധമായി. ഇനിയും ശാസ്ത്രസമിതിയിൽ ഉള്ള സ്ഥിതി എന്തെന്നു നോക്കാം. നിരീക്ഷണപരീക്ഷണങ്ങളുടെ സമഗ്രതയാണു ശാസ്ത്രത്തിന്നധിഷ്ഠാനമായിരിക്കുന്നതു്. ഈ രണ്ടു ഗുണങ്ങളും തികച്ചും ആയുൎവ്വേദം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. പാശ്ചാത്യവൈദ്യന്മാരുടെ പലനാളത്തെ ഗവേഷണഫലമായി അടുത്ത കാലത്തുമാത്രം കണ്ടുപിടിച്ചിട്ടുള്ള അനവധി മരുന്നുകളും ചികിത്സാരീതികളും ആൎയ്യവൈദ്യന്മാർ എത്രയോ മുൻപുതന്നെ കണ്ടുപിടിച്ചു കൎമ്മപദ്ധതിക്കു വിധേയമാക്കിയിട്ടുള്ളതാണു്. കടുക്കാ വിരേചനത്തിന്നും ഉമ്മത്തില കൊണ്ടുള്ള പുകവലി കാസശ്വാസത്തിന്നും കാഞ്ഞിരക്കാസത്തു് ഗ്രഹണി, പക്ഷാഘാതം എന്നിവയ്ക്കും പററിയ ഔഷധമാണെന്നു പാശ്ചാത്യവൈദ്യന്മാർ അടുത്തകാലത്തു മാത്രം അധികകാലത്തെ ഗവേഷണഫലമായി കണ്ടുപിടിച്ചിട്ടുള്ളതിനെ ആയുൎവ്വേദത്തിൻെറ ഉത്ഭവകാലത്തുതന്നെ ആൎയ്യവൈദ്യന്മാർ കണ്ടുപിടിച്ചിട്ടുള്ളതാണു്. ഉള്ളിൽ ചെന്നാലുടൻ കൃതാന്തപട്ടണത്തിൽ ആതിഥ്യത്തിന്നു ക്ഷണിക്കുന്ന വിഷം, മറെറാന്നുകൊണ്ടും സാദ്ധ്യമാകാതിരിക്കുന്നിടത്തു പ്രയോഗിച്ചു ജീവരക്ഷ ചെയ്യാനുള്ള ഒരപൂൎവ്വസിദ്ധൌഷധമായി പൂൎവ്വവൈദ്യന്മാർ കണ്ടുപിടിച്ച് കായതന്ത്രം മുതലായ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. ഇത്യാദി കാരണങ്ങളാൽ ശാസ്ത്രസമിതിയിലും ആയുൎവ്വേദത്തിന്നുതന്നെ പ്രാഥമ്യസ്ഥാനത്തിന്നൎഹതയുണ്ടു്. ധൎമ്മശാസ്ത്രങ്ങളിലും ആയുൎവ്വേദത്തിന്നു മുഖ്യ

ത്വമുണ്ടു്. ആയുർവ്വേദം ധർമ്മാർത്ഥകാമമോക്ഷസാധനമാകയാലും, ശരീരമാദ്യം ഖലുധർമ്മസാധനം എന്നുള്ള മഹദ്വചനമനുസരിച്ചു് ശരീരശാസ്ത്രപ്രതിപാദ്യവിഷയമായ ഇതിന്നു് ധർമ്മശാസ്ത്രം എന്നുള്ള പേരിന്നും ന്യായമായ അർഹതയുണ്ടു്. ഇപ്രകാരം വേദത്തിലും ശാസ്ത്രത്തിലും ഒന്നുപോലെ സമ്മതം സിദ്ധിച്ചിട്ടുള്ളതായ ആയുർവ്വേദം ഭൂമിയിൽ ഭാരതഖണ്ഡത്തിൽ അവതരിച്ചു് ജന്മാവകാശം ഭാരതമാതാവിങ്കൽത്തന്നെ സമർപ്പിച്ചശേഷം ലോകാനുഗ്രഹത്തിന്നുവേണ്ടി ഒരു ദിർഘസഞ്ചാരത്തിനിറങ്ങി പല രാജ്യത്തും സഞ്ചരിക്കയും അതതു രാജ്യക്കാരുടെ ആതിഥ്യം സ്വീകരിച്ചു് ചിരസ്ഥിരനിവാസം ചെയ്തിട്ടുള്ളതുമാകുന്നു. ആദ്യമായി ഭാരതത്തിൽനിന്നും അറേബ്യായിലേക്കും അവിടെ നിന്നും ഈജിപ്തിലേക്കും ഈജിപ്തിൽനിന്നു ഗ്രീസിലേക്കും അവിടെനിന്നു് റോമിലേക്കും (യൂറോപ്പിലേക്കും) സഞ്ചാരം ചെയ്തിരുന്നു. ഈ സഞ്ചാരത്തിനിടയ്ക്കു് അതതു ദേശക്കാരുടെ സംസർഗ്ഗജന്യമായി ഭാഷയ്ക്കും വേഷഭൂഷണാദിസംസ്ക്കാരങ്ങൾക്കും തന്നിമിത്തം നാമത്തിന്നും വ്യത്യാസം വന്നുപോയിട്ടുള്ളതാണു്. യൂനാനി, അലോപ്പതി, ഹോമിയോപ്പതി, ഹൈഡ്രോപ്പതി, ചിന്താമണിമുതലായ പേരുകളും അവയ്ക്കനുസരണമായ ഔഷധനിർമ്മാണരീത്യാദി സംസ്ക്കാരങ്ങളും ഇതിലേക്കുദാഹരണങ്ങളാകുന്നു. ഏഴാംനൂററാണ്ടിൽ കാലിഫ് അൽമൻസൂറിന്റെ ധനസഹായത്തോടുകൂടി ചരകം, സുശ്രുതം എന്നീ ഗ്രന്ഥങ്ങളെ അറബിഭാഷയിൽ തർജ്ജമ ചെയ്തിട്ടുള്ളതായി കാണുന്നു. സുശ്രുതതർജ്ജിമയ്ക്കു് അറബിഭാഷയിൽ "കീലേൽ, ഷാഷൂർ, അൽ, ഹിൻഡി എന്നു പറഞ്ഞുവരുന്നു. കോണിഗ്സ്ബർഗ്ഗ്, സർവ്വകലാശാലയിലെ ഡിയാസു് എന്ന പണ്ഡിതൻ ഗ്രീക്കുകാരുടെ വൈദ്യശാസ്ത്രത്തിൽ ഹിന്തുവൈദ്യശാസ്ത്രത്തിലെ അനവധി തത്വങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നും മററും പറഞ്ഞിട്ടുള്ളതിനാൽ ഗ്രീക്കുവൈദ്യവും ആയുർവ്വേദത്തിന്റെ പരാവർത്തനമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. 'സിറാപ്യൻ' എന്ന അറബിവൈദ്യൻ ചരകത്തെ അറബിഭാഷയിൽ തർജ്ജമ ചെയ്തിട്ടുണ്ടു്. ആ തർജ്ജമഗ്രന്ഥത്തെ പിന്നീടു ലാററിൻഭാഷയിൽ തർജ്ജമചെയ്തിട്ടുള്ളതിൽ ചരകനു് 'ഷരകഇൻഡ്യാനസ്സ്' എന്നു പേർ പറഞ്ഞിരിക്കുന്നു. ആയുർവ്വേദത്തെ സ്വാസ്ഥ്യരക്ഷണം, രോഗമുക്തി എന്നു രണ്ടു പ്രധാന ഭാഗങ്ങൾകൊണ്ടു സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിന്നു സ്വാസ്ഥ്യചര്യ, ആതുരചര്യ എന്നും പേർപറയും. ആരോഗ്യരക്ഷയ്ക്കു് അവശ്യം അനുഷ്ഠേയങ്ങളായ വ്യവസ്ഥകളെ മനസ്സിലാക്കി രോഗബാധയ്ക്കവസരം നല്കാ

തെ ജീവിതം നയിക്കാൻ പഠിപ്പിക്കുന്ന ഭാഗത്തിന്നു സ്വസ്ഥചൎയ്യ എന്നും രോഗങ്ങൾക്കുള്ള പ്രത്യേക ഹേതുക്കളേയും അവയുടെ പരിഹാരമാർഗ്ഗങ്ങളേയും നിർദ്ദേശിക്കുന്ന ഭാഗത്തിന്ന് ആതുരചൎയ്യ എന്നും പേർ പറഞ്ഞുവരുന്നു. ഉപാധിഭേദേന സ്വസ്ഥചൎയ്യയെ ദിനചൎയ്യ, രാത്രിചൎയ്യ, ഋതുചൎയ്യ, എന്നിങ്ങിനെയും ആതുരചൎയ്യയെ ആസുരി, മാനുഷി, ദൈവി, എന്നിങ്ങനെ മൂന്നായും ഉൾപ്പടെ ആറു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

(തുടരും.)

# നൈരാശ്യം.

(കെ. ആർ. ബി. മേനോൻ.)

ഈ അവസാനവാചകവും എഴുതാറായി. വിധിയുടെ ഘോരാട്ടഹാസം ശ്രോത്രങ്ങളിൽ മാറെറാലിക്കൊള്ളുന്നു. പാപി ചെല്ലുന്നിടം പാതാളം തന്നെ. ഈ ക്ഷേത്രത്തിൽ രക്ഷ പ്രാപിക്കാമെന്നു വിചാരിച്ചതും തല്ക്കാലം അസാദ്ധ്യമെന്നു തോന്നുന്നു. ആ ഘോരരാക്ഷസന്മാർ, ഇടിഞ്ഞു പൊളിഞ്ഞു ബിംബംമാത്രം ശേഷിച്ച ഈ സ്ഥലത്തുവന്ന് എന്നെക്കണ്ടെത്തുമെന്നു ഞാനൂഹിച്ചില്ല. കാർമ്മേഘാവൃതമായ ഈ പാതിരനേരത്ത് സഹായത്തിനു മറെറാരാളെ തിരയുന്നതെങ്ങനെ? എല്ലാം വിധിവൈപരീത്യമെന്നു സമാധാനിക്കാം. എങ്കിലും, കുമാരാ! നീ ഇത്രമാത്രം ചെയ്യണം. ഇതാ ഒരു ഓലക്കഷണം. ഇതുകൊണ്ടുപോയി അവളുടെ കയ്യിൽ കൊടുക്കുക. എഴുതിയതു് ആരെന്നുമാത്രം പറയരുതു്."

"ഓമനേ! നീ ഈ കത്തു കണ്ണുനീരോടുകൂടിയല്ലാതെ വായിക്കുമോ? എനിക്കു വന്നുചേൎന്ന ആപത്തുകളെല്ലാം ഭവതി അറിഞ്ഞിരിയ്ക്കുമല്ലോ? നാം ആദ്യമായി 'വിധിവിലാസത്തു'ള്ള മനോഹരാരാമത്തിൽവച്ചുകണ്ട ആ ദിവസം ഇന്നും ഞാൻ വിസ്മരിച്ചിട്ടില്ല. ഭവതി എന്റേതു തന്നെയെന്നു ഞാൻ ശങ്കിച്ചു. എന്റെ അത്യാപത്തു കേൾക്കുമ്പോൾ ഭവതിയുടെ സംശയം വൎദ്ധിക്കുമായിരിക്കാം. സത്യം വെളിപ്പെടുമ്പോൾ ഈ സംശയം നീങ്ങുന്നതുമാണു്. അക്രമികളായ ദുഷ്ടന്മാർ എന്നെ ജീവനോടുകൂടി കുഴിച്ചിടുകതന്നെ ചെയ്യും. ഞാൻ നിരപരാധിയെന്നു വെളിപ്പെടുന്നപക്ഷം—അതെ

അന്നുമാത്രമേ ഭവതിയെ ഞാൻ ഇനി കാണുകയുള്ളു. ആ സ്വരൂപം—തേജോമയമായ ആ നോട്ടം—ഇനി കാണുന്നതു്......ഈശ്വരേച്ഛയാൽമാത്രം.................................

* * * * * * * * *

സംവത്സരങ്ങൾ കാലചക്രത്തിന്മേൽ നാലുതവണ കറങ്ങിമറിഞ്ഞു. എന്റെ ദുർദ്ദശയും ഹൃദ്രോഗപ്രാവശ്യം എന്നെ ബുദ്ധിമുട്ടിച്ചു. എങ്കിലും, സുപ്രഭാതത്തിൽ എഴുന്നേററു്, പക്ഷികളുടെ മധുരഗീതത്താലും മന്ദമാരുതന്റെ മൃദുലസ്പർശനത്താലും ഹൃദയം ആനന്ദത്തിലാറാടുന്നതുപോലെ തോന്നിത്തുടങ്ങി. അക്രമികൾ പോലീസ്സിന്റെ അധീനത്തിലുമായി. അന്നത്തെ കൂട്ടക്കൊലയിൽ അവരുടെ ഇടയിൽ കുടുങ്ങുകയാൽ നാട്ടാരുടെ ദുഷ്പ്രേരിനും അപമാനത്തിനും പ്രധാനപാത്രമായി. ഇതുവരെ അവളുടെ ഓമനമുഖം കാണുന്നതിൽ ഞാൻ അശ്രദ്ധ കാണിച്ചെങ്കിലും, ആ മുഖം കണ്ടുകൊണ്ടു ജീവിതം കഴിച്ചുകൂട്ടിയാൽ മതിയായിരുന്നുവെന്നു് ഞാൻ ആത്മാത്ഥമായി ആഗ്രഹിക്കുന്നുണ്ടു്.

ആ സുദിനം ദുർദ്ദശയായ സഖിയുമൊരുമിച്ചു് ജീവിതാരാമത്തിലേക്കു് തന്റെ ശിഞ്ജിതനാദത്തോടുകൂടി പ്രവേശിച്ചു. കഷ്ടം! ഞാൻ എന്തു മഹാപാപിയാണു്. ലോകം ശൂന്യതയുടെ നൃത്തരംഗമെന്നു് മനസ്സാക്ഷി പലപ്പോഴും ഉപദേശിയ്ക്കാറുണ്ടു്. ആ സന്ദർഭത്തിലെല്ലാം ഞാൻ മനസ്സാക്ഷിയെ നിരാകരിച്ചിരുന്നു. ഇപ്പോൾ ഹിതോപദേഷ്ടാവിനു് എന്റെ കൂപ്പുകൈമാത്രം. ഞാൻ ഇതുവരെ മനസാ പൂജിച്ചിരുന്ന ആ സത്വം ലോകത്തിൽനിന്നും അന്തർദ്ധാനം ചെയ്തു. ജീവിതയാത്രയിൽ ഇതു മാതിരി എത്രമരുഭൂമികളെ തരണം ചെയ്യണമെന്നു് ആലോചിച്ചപ്പോൾ എന്റെ മുഖമൊന്നു വിളറി. ആശയ്ക്കു് അളവില്ലെന്ന വസ്തുത ബോദ്ധ്യപ്പെട്ടു. ഈ തിരോധാനം എന്നെ പശ്ചാത്താപഗത്തത്തിന്റെ കീഴ്ത്താരത്തിലേയ്ക്കു് പാടേ അടിച്ചുവീഴ്ത്തി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു. അടുത്ത തെരുവീഥിയിലൂടെ വളഞ്ഞൊഴുകുന്ന നദിയിൽ ഒരു സ്ത്രീയുടെ മൃതശരീരം കണ്ടുവെന്നു് ജനശ്രുതിയും. പോരെ! അക്രമികൾ ഈ കൃത്യമല്ലാ. ഇതിലും ഭയങ്കരമായ പല പ്രവൃത്തികളും ചെയ്വാൻ മടിയുള്ളവരുമല്ലാ. അവർ തന്നെയാണു് ഈ കൃത്യം നടത്തിയിട്ടുള്ളതെന്നു് പരമാത്ഥമായി വിശ്വസിക്കാം.

തൽക്ഷണംതന്നെ ഞാൻ നദീതീരത്തേയ്ക്കു ഗമിച്ചു. വർഷകാലത്തു് "ഘോരാട്ടഹാസവുംചെയ്തു ലക്ഷോപലക്ഷം നീണ്ട കൈകളെ ചുററും വീശി വൃക്ഷങ്ങൾ, കുടിലുകൾ, മൃഗമർത്ത്യാദികൾ ഇവയെ ഭക്ഷണംചെയ്തു" ആനന്ദതുന്ദിലയായി ഗമനം ചെയ്യുന്ന ആ നദിയിൽ അതാരെക്കാണുന്നു. മാളികമുകളിൽ മടങ്ങി എത്തി ചാരുകസേരമേൽ എൻെറ ശരീരത്തെ നിക്ഷേപിച്ചതു് എങ്ങനെയെന്നുഓർമ്മയുണ്ടായിരുന്നില്ല.

എന്നെ കാണ്മാൻ കാറിൽ ആരോ ഒരു യുവാവു് വാതുക്കൽ വന്നിരിക്കുന്നുവെന്നു് ഭൃത്യൻ പറയുന്നതു കേട്ടപ്പോൾ മാത്രമെ എനിക്കു് പരിതഃസ്ഥിതികളെക്കുറിച്ചു് ഓർമ്മയുണ്ടായുള്ളു. എഴുന്നേററു വാതുക്കൽ നോക്കിയപ്പോൾ കാറുമില്ലാ ആളുമില്ല.

ദിക്കുകൾ ചന്ദ്രികയേററു് പുഞ്ചിരി തൂകുന്നു. ഇടയ്ക്കിടെ കാർമ്മേഘപടലികൾ ചന്ദ്രനെ ആവരണം ചെയ്യുന്നുമുണ്ടു്. ഇതു് ഒരു ലീലയായി നിശാദേവിയും കരുതുന്നു. ഭൃത്യൻ മേശപ്പുറത്തു നിക്ഷേപിച്ചിരുന്ന എഴുത്തുകളെല്ലാം ഞാൻ ഓരോന്നായി മറിച്ചുനോക്കി. അതിലൊന്നു് ഇപ്രകാരമായിരുന്നു.

വിധിവിലാസം.

സ്നേഹിതനു്,

നിങ്ങളുടെ പ്രേമചാപല്യങ്ങൾക്കു് ആദ്യമേ നമസ്കാരം. ഈ സംഗതികളെല്ലാം വാസ്തവമെന്നു് നിങ്ങൾ തെററിദ്ധരിച്ചു. ജീവിതം പ്രേമത്തിനുവേണ്ടി മാത്രം ബലികഴിക്കുന്ന നിങ്ങളെ കബളിപ്പിച്ച ഞങ്ങളുടെ ഉദ്യമത്തിനു് മാപ്പു ചോദിച്ചുകൊള്ളട്ടെ. നിങ്ങളുടെ പ്രേമത്തിനു് ആരാധ്യയായി തീർന്നതും ഞാൻ തന്നെ. പോലീസുകാരും അക്രമികളും ആരായിരുന്നുവെന്നു് നിങ്ങൾ തന്നെ ഊഹിച്ചറിയുക. മേലിലെങ്കിലും പഴയ തോതു് തുടരാതിരുന്നാൽ നന്നു്.

എന്നു്, സ്വന്തം ഗോപി.

ഇതു വായിച്ചപ്പോൾതന്നെ എൻെറ ആകാശക്കോട്ടകളെല്ലാം നിലംപതിച്ചു. പ്രേമചാപല്യവും പൂജ്യസ്ഥാനത്തായി. ലോകത്തിൻെറ മറിമായങ്ങൾ പ്രേമനൈരാശ്യത്തിൻെറ നിഴലാട്ടത്തോടുകൂടി എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

# നാല്ക്കാലികളുടെ ആലോചനാസഭ.

---

(കെ പത്മനാഭയ്യർ, ബി. എ. എൽററി. ഗോൾഡ്‌മെഡലിസ്റ്റ്.)

ഗുഡ്ഹോപ്പുമുനമ്പിലുള്ള ഉൾനാട്ടുകളിലെ വനങ്ങളിൽ മൃഗങ്ങൾ സ്വൈരമായി വളരെക്കാലം താമസിച്ചിരുന്നു. എന്നാൽ യൂറോപ്യന്മാർ ആദ്യമായി സമുദ്രതീരപ്രദേശങ്ങളിലും പിന്നീടു ഉൾപ്രദേശങ്ങളിലും താമസമാക്കിയപ്പോൾ, മൃഗങ്ങൾ ഭയവിഹ്വലങ്ങളായിത്തീർന്നു. ഹോത്തൻതോട്ടർക്കു പകരം ഭയങ്കരങ്ങളായ ആയുധങ്ങൾ ഉപയോഗിച്ചുവന്ന ഒരു പുത്തൻവർഗ്ഗക്കാരായിരുന്നു ഇവർ.

ഈ വർഗ്ഗക്കാർ സംഖ്യയിൽ വർദ്ധിച്ചതോടുകൂടി വന്യമൃഗങ്ങളുടെ എണ്ണം കുറഞ്ഞു തുടങ്ങി. ഒരിക്കൽ ഇവർ ശ്വാക്കളോടുകൂടി മേല്പറഞ്ഞ മഹാരണ്യങ്ങളിൽ പ്രവേശിച്ച്, അവിടെയുണ്ടായിരുന്ന പലതരത്തിലുള്ള മൃഗങ്ങളെ നായാടിത്തുടങ്ങി. അനേകം മൃഗങ്ങൾ വധിക്കപ്പെട്ടു, ബാക്കിയുള്ളവ വെൺനദി (whit e river ) കടന്ന് അക്കരെഎത്തി രക്ഷപ്രാപിച്ചു.

ശത്രുക്കളിൽനിന്നും രക്ഷപ്പെട്ടതിനെപ്പററി പരസ്പരം അനുമോദിച്ചതിന്റെശേഷം അവക്കു പ്രതികാരം ചെയ്വാൻ ആനയും സിംഹവും ചിന്തിച്ചു തുടങ്ങി. പക്ഷേ, ശരിയായ ഒരുമാർഗ്ഗം കണ്ടുപിടിക്കാൻ അവക്കു സാധിച്ചില്ല നാല്ക്കാലികളുടെ ഒരു സഭ വിളിച്ചുകൂട്ടി അവിടെവെച്ച് ഒരു തീരുമാനമുണ്ടാക്കാൻ അവർ നിശ്ചയിച്ചു.

വെൺനദിക്കു സമീപമുള്ള ഒരു സ്ഥലത്ത് എല്ലാ മൃഗങ്ങളും ഹാജരാകണമെന്നും തദവസരത്തിൽ തങ്ങളുടെ ജന്മവൈരികളിൽനിന്നും യാതൊരു ശല്യവും ഉണ്ടാകയില്ലെന്നും പറയുന്നതിനു സിംഹവും ആനയും കുറുക്കനെ അയച്ചു. അതനുസരിച്ച് കുറുക്കൻ ഓരോ മൃഗത്തേയും ക്ഷണിക്കാൻപോയി. വനത്തിൽ തണലുള്ള ഒരുഭാഗത്തു കാണ്ടാമൃഗം അയവിറക്കിക്കൊണ്ടിരിക്കുന്നതായി കുറുക്കൻകണ്ടു. യാതൊരു ഭയവുംകൂടാതെ അതിന്റെ അടുക്കൽ ചെന്ന് തന്റെ ദൂത് അറിയിച്ചു. കാണ്ടാമൃഗം ആ ദൂത് സന്തോഷസമേതം സ്വീകരിച്ചു. കാട്ടുപോത്തും കാട്ടുപന്നിയും ദൗത്യത്തെ അത്ര വകവെച്ചില്ല; എങ്കിലും, സഭയ്ക്കുചെല്ലാമെന്നു വാഗ്ദാനംചെയ്തു.

കടുവായും ചെന്നായും ഈ ക്ഷണം വളരെ സന്തോഷത്തിനു കാരണമായിത്തീർന്നു. എന്നാൽ ചെറുമൃഗങ്ങളിൽ ചിലവ ദൂതനായ ജംബൂകനെ കണ്ടമാത്രയിൽത്തന്നെ ഭയപ്പെട്ടുപോയി. മററു ചിലവ കുറുക്കന്റെ ദൂതുകേട്ടു പരിഹസിച്ചു. പിന്നീട്, ദൂതൻ ഒട്ടകപ്പക്ഷിയെ കണ്ടു കാര്യമറിയിച്ചു. സഭയ്ക്കു താൻചെന്നു ചേരാമെന്നു മാത്രമല്ല, കൂട്ടുകാരായ കൃഷ്ണസാരത്തേയും കോവർകഴുതയേയും വിളിച്ചുകൊണ്ടു ചെല്ലാമെന്നു വാഗ്ദാനം ചെയ്കയുംചെയ്തു.

വെൺനദിക്കു സമീപമുള്ള ഒരു താഴ്വരയായിരുന്നു സഭാരംഗം. അതിനു കുറെ അകലെയായി സ്ഥിതിചെയ്ത ഒരു പാറയിൽനിന്നും ഒരു ചെറിയ അരുവി ഒഴുകിക്കൊണ്ടിരുന്നു. അതിന്റെ ഗതിയിൽ ഒരു ആവത്തമുണ്ടായിരുന്നു. ഇതിനു സമീപം ഒരു മാവിന്റെ തണലിൽ സിംഹവും അതിനുചുററും നിശബ്ദരായി മററു മൃഗങ്ങളും സ്ഥാനംപിടിച്ചു.

സ്വല്പനേരം കഴിഞ്ഞപ്പോൾ, സിംഹം എഴുന്നേററു താഴെ കാണുന്ന പ്രകാരം സഭാവാസികളോടു പറഞ്ഞു. "നമ്മുടെ താമസസ്ഥലങ്ങൾ ഒരു നൂതനവർഗ്ഗക്കാരുടെ ആക്രമണത്തിന് അധീനമായിരിക്കുന്നുവെന്ന് ഇവിടെ സന്നിഹിതരായിരിക്കുന്നവക്കെല്ലാം അറിയാമല്ലോ. ഈ വർഗ്ഗക്കാരുടെ നിറം വെളുപ്പാണ്. അഗ്രഹാരങ്ങൾപോലെ ഇവരുടെ വീടുകൾ ഒന്നിനൊന്നു ചേർത്ത് കെട്ടപ്പെട്ടിരിക്കുന്നു. അവയെ ആക്രമിക്കുന്നത് നമുക്കു പ്രയാസമാണ്. ആവശ്യമുള്ളപ്പോഴെല്ലാം 'ഇടിയും മിന്നലും'മുണ്ടാക്കാനുള്ള ശക്തി അവക്കുണ്ട്. ചിലപ്പോൾ ഇവ മൂലം നമുക്ക് പ്രാണാപായം നേരിട്ടേക്കാം. നൂതനമായി കുടിയേറിപ്പാർത്തവരുടെ സംഖ്യവദ്ധിച്ചുവരുന്നു; നാം എണ്ണത്തിൽ കുറയുകയും ചെയ്യുന്നു. അവർ വനാന്തരത്തിൽ പ്രവേശിച്ചു നമ്മുടെ സഞ്ചാരസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. നമ്മെ വംശത്തോടെ നശിപ്പിക്കണമെന്നാണ് അവരുടെ ഉദ്ദേശം. അത് നാം നോക്കിക്കൊണ്ടിരിക്കയാണൊ വേണ്ടത്? ഒരിക്കലുമല്ല. അതുകൊണ്ടു നമ്മുടെ പരസ്പരശത്രുത്വം കൈവെടിഞ്ഞ് ഒന്നുചേർന്ന് പ്രവത്തിക്കാം നമുക്ക് അവർ ചെയ്തിട്ടുള്ള ദ്രോഹങ്ങൾക്കു പ്രതികാരം ചെയ്യുന്നതിനും മേലാൽ അവരുടെ ശല്യം ഉണ്ടാകാതിരിക്കുന്നതിനും ഒരുമാർഗ്ഗം കണ്ടുപിടിക്കാൻ ഈ സഭയ്ക്കു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

ഇതെല്ലാം അക്ഷമയോടുകൂടി കേട്ടുകൊണ്ടിരുന്ന വ്യാഘ്രം ഇ

ങ്ങനെ പറഞ്ഞു. "നാം സധൈൎയ്യം നമ്മുടെ ശത്രുക്കളെ എതിൎക്കുന്നതായാൽ അവർ ഓടിപ്പോകുമെന്നുള്ളതു നിശ്ചയംതന്നെ. നാം അവരെ ഭയന്നു അടങ്ങിപ്പാൎക്കുന്നതു് കൊണ്ടാണു് അവർ നമ്മെ പല വിധത്തിലും ശല്യപ്പെടുത്തുന്നതു്. അവരുടെ 'ഇടിയും മിന്നലും' കൊണ്ടു് അവർ വിചാരിക്കുന്ന ദ്രോഹം നമുക്കു പററുകയില്ല. ഇന്നു രാത്രിതന്നെ നമുക്കു നമ്മുടെ ശത്രുക്കളെ അക്രമിക്കാം. ഘാതകന്മാരായ ഈ അക്രമികളെ കൊല്ലാൻ ഞാൻ അഗ്രഹിക്കുന്നു."

ചെന്നായ് ഇപ്രകാരം പറഞ്ഞു. "ഈ പുതിയ കുടിപാൎപ്പുകാരെ അക്രമിക്കാൻ ഞാനാണു കൂട്ടതലായി അഗ്രഹിക്കുന്നതു്. അതു രാത്രിയിൽ വേണമെന്നു ഞാൻ പറകയില്ല. എന്തുകൊണ്ടെന്നാൽ, അവർ രാത്രിയിൽ സൂക്ഷിപ്പുകാരെ അക്കിയിട്ടുണ്ടു്. സൂക്ഷിപ്പുകാരെ സഹായിക്കാൻ പട്ടികളുമുണ്ടു്. ആരെങ്കിലും അവരുടെ വീടുകൾക്കു സമീപം ചെല്ലുന്നപക്ഷം, പട്ടികൾ കുരച്ചു തങ്ങളുടെ യജമാനന്മാൎക്കു മുന്നറിവുകൊടുക്കുന്നു. നൂതനവൎഗ്ഗക്കാർ വളൎത്തുന്ന മൃഗങ്ങളെ തട്ടിക്കൊണ്ടു പോകാൻ ഞാൻ പലതവണ ശ്രമിച്ചപ്പോഴാണു് ഈ കാൎയ്യങ്ങളെല്ലാം അറിഞ്ഞതു്. ഞാൻ ജീവനും കൊണ്ടു് ഓടി രക്ഷപ്പെട്ടു. അവരുടെ വീടുകൾക്കു ചുററും അവർ ഉണ്ടാക്കിയിട്ടുള്ള വേലി കടക്കുന്നതും വലിയ പ്രയാസമാണു്."

"പകൽ സമയംതന്നെ നൂതനവൎഗ്ഗക്കാരെ നമുക്കു് അക്രമിക്കാം." എന്നു പന്നി അഭിപ്രായപ്പെട്ടു. "വല്ലവിധത്തിലും അവരുടെ അടുക്കൽ ചെല്ലുന്നതിനു സാധിച്ചാൽ ഞാൻ അവരെ കൊല്ലാ"മെന്നു പന്നി തുടൎന്നു പറഞ്ഞു.

രാത്രിയിൽ പുതിയ കുടിപാൎപ്പുകാരെ അക്രമിക്കുന്നതു് യുക്തമല്ലെന്നായിരുന്നു കാണ്ടാമൃഗത്തിൻെറ മതം. അതു് ഇങ്ങനെ അഭിപ്രായപ്പെട്ടു. "രാത്രിയിൽ ശത്രുക്കളെ കാണാൻ വഹിയാ. അക്കാലത്തു് അവർ കത്തിക്കുന്ന അഗ്നിമൂലം നമുക്കു വിപത്തുണ്ടാകാനാണു് എളുപ്പം. അവർ ഉണ്ടാക്കുന്ന 'ഇടിയും മിന്നലും' ഞാൻ വകവെയ്ക്കുന്നില്ല. പല പ്രാവശ്യം അവരുടെ വെടിഉണ്ടകൾ എൻെറ ശരീരത്തിൽ കൊണ്ടിട്ടുണ്ടെങ്കിലും അവ തെറിച്ചു ദൂരെപ്പോകയാണു ചെയ്തിട്ടുള്ളതു്. വനത്തിൽനിന്നു് അവരെ ഓടിക്കാമെന്നാണു് എൻെറ വിചാരം. അവരുടെ വേലികൾ എത്രതന്നെ ബലമായി ഉണ്ടാക്കിയിട്ടുള്ളവയാണെങ്കിലും, അവയെ എനിക്കു നിഷ്പ്രയാസം നശിപ്പിക്കാൻ കഴിയും."

"നൂതന കുടിയേറിപ്പാപ്പുകാരുമായി യുദ്ധംചെയ്തു ജയിക്കാമെന്നു കാണ്ടാമൃഗത്തിനു നിശ്ചയമുള്ളതിനാൽ അദ്ദേഹംതന്നെ ശത്രുക്കളുടെ നേരെ നമ്മെ നയിച്ചു് ആദ്യത്തെ വെടികൊള്ളാൻ തയ്യാറാണെ"ന്നു ഞാൻ വിശ്വസിക്കുന്നുവെന്നു കാട്ടുപോത്തു് അഭിപ്രായപ്പെട്ടു. കാണ്ടാമൃഗം ഇപ്രകാരം പറഞ്ഞു. "കാട്ടുപോത്തിനു് അതിൻെറ ചാർച്ചക്കാരെപ്പോലെ, മനുഷ്യനു് അടിമപ്പെട്ടിരിക്കുന്നതാണു സമ്മതമെന്നു ഞാൻ വിചാരിക്കുന്നു."

ഇതു കേട്ടപ്പോൾ അഹങ്കാരത്തോടുകൂടി കാട്ടുപോത്തു പറഞ്ഞു. "എൻെറ ചാർച്ചക്കാർ ചെയ്തിട്ടുള്ള കുററങ്ങൾക്കു ഞാൻ ഉത്തരവാദിയല്ല. കോവർകഴുതയും കഴുതയുംതമ്മിൽ ആകൃതിയിൽ സാമ്യമുള്ളവരാകയാൽ കഴുതയുടെ ക്രമാതീതമായ സഹനശക്തി കോവർകഴുതയ്ക്കു് ഉണ്ടെന്നു പറയുന്നതു് അയുക്തമല്ലേ? തൊലിക്കു കൂടുതൽ കട്ടിയുണ്ടെന്നു ഭാവിക്കുന്ന മൃഗങ്ങളേപ്പോലെ ഞാൻ ഭയമുള്ളവനാണോ എന്നു പുത്തൻവർഗ്ഗക്കാരുമായി യുദ്ധം ചെയ്യുമ്പോൾ അറിയാം."

കാട്ടുപോത്തിൻെറ ഈ കൊള്ളിവാക്കുകൾമൂലം കാണ്ടാമൃഗത്തിനു ക്രമത്തിലധികം കോപമുണ്ടായി. വ്യാഘ്രം ഓടിച്ചെന്നു കാട്ടുപോത്തിനെ സഹായിച്ചില്ലായിരുന്നുവെങ്കിൽ, കാണ്ടാമൃഗം അതിനെ കുത്തിക്കൊല്ലുമായിരുന്നു.

മൃഗരാജൻ ഇടപെട്ടതിനാൽ സഭയിൽ വീണ്ടും സമാധാനമുണ്ടായി. സമാധാനലംഘനം ചെയ്തവരെ ശാസിച്ചതിൻെറ ശേഷം, അദ്ദേഹം ഇപ്രകാരമരുൾചെയ്തു. "നൂതനമായി കുടിയേറിപ്പാർക്കുന്നവരെ പകൽ ആക്രമിക്കുന്നതുകൊണ്ടു ഫലമൊന്നുമില്ലെന്നാണു് എൻെറ അഭിപ്രായം. സന്ധ്യമയക്കത്തിനു അവരെ ആക്രമിക്കുന്നതാണു നല്ലതു്. ആപത്തുണ്ടെന്നു വിചാരിച്ചു് ഒരു ഉദ്യമത്തിൽനിന്നും ധൈര്യശാലികൾ പിൻമാറുകയില്ല. എന്നാൽ ദന്തിരാജൻെറ അഭിപ്രായം ഇതുവരെ നാം അറിഞ്ഞില്ല. ബുദ്ധിസാമർത്ഥ്യമുള്ള അദ്ദേഹം നൂതനവർഗ്ഗക്കാരെ ആക്രമിക്കാൻ ഒരു വഴി നിർദ്ദേശിച്ചുതരുമെന്നു വിശ്വസിക്കുന്നു."

ദന്തിരാജൻ സാവധാനം എഴുന്നേററു തുമ്പിക്കൈ ഉയർത്തിക്കൊണ്ടു് ഇപ്രകാരം പറഞ്ഞു. "ഈ മാന്യസഭ എൻെറ അഭിപ്രായത്തെ വിലവെക്കുമോയെന്നു് എനിക്കു സംശയമാണു്. ഈ നൂതനവർഗ്ഗക്കാരുടെ മനോഭാവങ്ങളെ കുറേക്കാലമായി ഞാൻ സൂക്ഷിച്ചു വരികയാണു്. അവർ, നമ്മുടെ വനങ്ങളിൽനിന്നു നമ്മെ ഓടിക്കുന്നതിനോ നമ്മെ ഇല്ലായ്മ ചെയ്യുന്നതിനോ ആണു് ഉദ്ദേ

ശിക്കുന്നതെന്നു എനിക്കു അറിയാം. നാം യോജിച്ചു പ്രവൎത്തിച്ചാൽ തന്നേയും വല്ലതും പ്രയോജനം ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. ഇവൎക്കു നല്ല യോജിപ്പുള്ളതിനാലും ഇവരുടെ ആയുധങ്ങൾക്കു കൂടുതൽ ബലമുള്ളതിനാലും ഇവൎക്കു പഴയ വൎഗ്ഗക്കാരേക്കാൾ ശക്തിയുണ്ട്. വ്യക്തിപരമായി പറയുകയാണെങ്കിൽ, ഇവർ അത്ര ധൈൎയ്യമുള്ളവരല്ല. പഴയ വൎഗ്ഗക്കാർ ഭയമെന്യെ എന്റെ അടുക്കൽ വന്നു എന്നെ അവരുടെ കുന്തംകൊണ്ടു കുത്തുകയും സിംഹത്തിനെ അതിന്റെ ഗുഹയിൽ ചെന്നു ഉപദ്രവിക്കയും മറ്റും ചെയ്തിട്ടുണ്ട്. വനത്തിൽവെച്ചു അനേകം മൃഗങ്ങളെ അവർ ഞെക്കിക്കൊന്നിട്ടുമുണ്ട്. നദികൾക്കുസമീപം അവർ കുഴികുഴിച്ചു അതിന്റെ മുകളിൽ പലകകൾ പാകി മണ്ണുട്ടുമൂടി നമ്മെ ചതിച്ചിട്ടില്ലെ? രാത്രികാലങ്ങളിൽ തങ്ങൾക്കു രക്ഷയ്ക്കായും നമ്മുടെ നാശത്തിനായും അവർ അഗ്നികുണ്ഡങ്ങൾ ഉണ്ടാക്കുകപതിവായിരുന്നു. ഈമാതിരിയിലുള്ള രക്ഷാമാൎഗ്ഗങ്ങളെ നൂതനവൎഗ്ഗക്കാർ കൈക്കൊള്ളുന്നില്ല. വെടിവെച്ചു കൊല്ലുന്നതിലാണ് അവൎക്കു കൂടുതൽ ഉത്സാഹം. നമ്മെ മാത്രമല്ല, പുരാതനവൎഗ്ഗക്കാരെക്കൂടി അവർ വെടിവെക്കുന്നു. അവൎക്കു മറ്റു മൃഗങ്ങൾ ഏതെങ്കിലും ദ്രോഹം ചെയ്തയോ ചെയ്യുമെന്നു അവർ വിചാരിക്കുകയോ ചെയ്യുന്ന പക്ഷം, അവർ അവയെ ചതിച്ചുകൊല്ലുന്നു. ഒരു ഉദാഹരണം പറയാം.

നമ്മുടെ സമീപത്തിൽ പുതിയ കുടിപാൎപ്പുകാർ താമസമുറപ്പിച്ചപ്പോൾ, പുരാതനവൎഗ്ഗക്കാൎക്കു പല ശല്യങ്ങളുമുണ്ടായി. നൂതനവൎഗ്ഗക്കാർ നാട്ടുകാരുടെ ഫലവത്തായ ദേശങ്ങൾ കൈവശപ്പെടുത്തുകയും അവരിൽ അനേകംപേരെ വധിക്കയും ബാക്കിയുള്ളവരെ ഉൾനാട്ടിലേക്കു ഓടിക്കയും ചെയ്തു. ഉടൻ, തങ്ങളുടെ ആയുധങ്ങൾകൊണ്ടു നാട്ടുകാർ അവൎക്കു സമീപം താമസിച്ചിരുന്ന പുതിയ വൎഗ്ഗക്കാരെ ആക്രമിച്ച്, അവരിൽ കുറേപ്പേരെ വധിച്ചു. ബാക്കിയുള്ളവർ അവിടെനിന്നും ഓടാൻനിർബന്ധിതരായി. തങ്ങളെ നൂതനവൎഗ്ഗക്കാർ വീണ്ടും ആക്രമിക്കയില്ലെന്നു വിചാരിച്ചു, പുരാതനവൎഗ്ഗക്കാർ വീടുകളിൽ തിരിച്ചെത്തി. പക്ഷെ, ഈ വിചാരം അസ്ഥാനത്തിലായിപ്പോയി. അധികംകാലം കഴിയുന്നതിനു മുമ്പു വെള്ളക്കാരിൽ കുറെപേർ നാട്ടുകാരെ ആക്രമിച്ചു. ഓടിപ്പോയ സ്വദേശികളെ വിദേശികൾ നമ്മുടെ ഇന്നത്തെ സഭാരംഗംവരെ പിന്തുടൎന്നു. അപ്പോഴേക്കു ചില നാട്ടുകാർ വെള്ളക്കാരുടെ അടുക്കൽചെന്നു സമാധാനത്തിനപേക്ഷിച്ചു. ഒരു സമാധാനഉടമ്പടി ഉണ്ടാക്കാൻ തീൎച്ചപ്പെടുത്തി. ഇതെല്ലാം ഞാൻ, അടുത്തുള്ള മര

ക്കൂട്ടത്തിന്റെ ഇടയിൽ മറഞ്ഞുനിന്നു കേട്ടുകൊണ്ടിരുന്നു. നദിയുടെ കരയിൽ അനേകം നാട്ടുകാർ സമ്മേളിച്ചു. അവർ തങ്ങളുടെ കന്നുകാലികളെ വെള്ളക്കാൎക്കു വിട്ടുകൊടുത്തു. സ്വദേശികളുടേയും വിദേശികളുടേയും രാജ്യങ്ങളുടെ അതിൎത്തികൾ തീൎച്ചപ്പെടുത്തി. വെള്ളക്കാർ വളരെ തൃപ്തിയുള്ളവരായിത്തോന്നി. സഭ പിരിയാറായപ്പോൾ നാട്ടുകാരുടെ ഇടയിൽ കുറെ മധുരപദാൎത്ഥങ്ങൾ എറിഞ്ഞുകൊടുത്തിട്ടു നൂതനവൎഗ്ഗക്കാർ അവിടെനിന്നും ഓടിപ്പോയി. അവിടെ ഉടൻ ഒരു തീജ്വാല കാണുകയും വെടിയുടെ ശബ്ദം കേൾക്കുകയുംചെയ്തു. പുക മാറിയപ്പോൾ നദിയുടെ കരയിൽ അനേകംപേർ മരിച്ചുകിടക്കുന്നതായി ഞാൻ കണ്ടു. വെള്ളക്കാരുടെ ചതിപ്രയോഗംമൂലം അവിടെക്കൂടിയ അനേകം നാട്ടുകാരിൽ ഒരാൾ മാത്രമേ രക്ഷപ്പെട്ടുള്ളു. അയാളാണു് ഈ സംഭവത്തെപ്പററി മററുള്ളവരെ അറിയിച്ചതു്. വെള്ളക്കാരോടു നാം എതിൎക്കുന്നതായാൽ, അവർ നമ്മെ കൂട്ടത്തോടെ നശിപ്പിക്കും. ആദ്യത്തെ യുദ്ധത്തിൽ നാം ജയിക്കുമെന്നിരിക്കട്ടെ. എന്നാലും അവരിൽ അനേകംപേർ വന്നു നമ്മെ കൊന്നൊടുക്കും. അതുകൊണ്ടു്, അവരുടെ കുടിപാൎപ്പുസ്ഥലങ്ങളിൽനിന്നും ദൂരെപ്പോകുന്നതാണു് ഉത്തമമായിട്ടുള്ളതു്."

"എന്റെയും അഭിപ്രായം അപ്രകാരമാണു്" എന്നു കോവർകഴുത പറഞ്ഞു. ഞാൻ മനുഷ്യനു ഒരിക്കലും കീഴടങ്ങുകയില്ല. എന്നാൽ, അവരെ എതിൎക്കുന്നതിനു എനിക്കു ശക്തിയില്ലാത്തതിനാൽ, ഞാൻ ദൂരെയുള്ള പൎവ്വതങ്ങളിലേക്കു ഓടാൻ നിശ്ചയിച്ചിരിക്കുന്നു."

ദന്തിരാജന്റെ പ്രസംഗംനിമിത്തം വ്യാഘ്രത്തിനു ക്രമത്തിലധികം ദേഷ്യമാണുണ്ടായതു്.

ഒട്ടകം തന്റെ നീളമുള്ളതല പൊക്കിപ്പിടിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു. "ഞാൻ നൂതനവൎഗ്ഗക്കാരുമായി യുദ്ധംചെയ്വാനോ, ഇവിടെനിന്നും ഓടിപ്പോകാനോ ഉദ്ദേശിക്കുന്നില്ല. വല്ല കാട്ടിലയും തിന്നുകൊണ്ടു ഞാൻ ഇവിടെത്തന്നെ ഇരുന്നുകൊള്ളാം. പുരാതനവൎഗ്ഗക്കാരെക്കൊണ്ടോ നൂതനവൎഗ്ഗക്കാരെക്കൊണ്ടോ എനിക്കു ശല്യമൊന്നുമുണ്ടായിട്ടില്ല. എന്റെയും മാനിന്റെയും വൎഗ്ഗക്കാരെ സിംഹവും കടുവായും ചെന്നായും കൊന്നു ഭക്ഷിക്കാതിരുന്നാൽ മതി.

ഇത്രയും കേട്ടയുടൻ, വ്യാഘ്രം ഒട്ടകത്തിന്റെ പുറത്തുചാടി നഖങ്ങൾകൊണ്ടു അതിനെ മാന്തിക്കീറി. അതു രക്ഷപ്പെടാൻ

നോക്കിയെങ്കിലും യാതൊരു പ്രയോജനവുമുണ്ടായില്ല. ഒട്ടകം ച ത്തു താഴെവീണു.

സഭയിൽ വലിയ ബഹളമുണ്ടായി. അവിടത്തെ സംഭവങ്ങളൊന്നും ശ്രദ്ധിക്കാതെ, നദിയിൽ നിഴലിച്ചുകണ്ട മനോഹരമായ തൻെറ ദേഹവും കൊമ്പും മാൻനോക്കി ഉല്ലാസമായിരിക്കുമ്പോൾ ഒരു വലിയ ശബ്ദംകേട്ടു ഭയപ്പെട്ടു. കഴിയുന്നതും വേഗത്തിൽ അവിടെനിന്നും ഓടി. ചെന്നായും കുറുക്കനും അതിനെ പിന്തുടൎന്നു.

സഭയിൽ സമാധാനം പുനഃസ്ഥാപിക്കാൻ മൃഗരാജൻ ഒന്നു അലറി. പക്ഷേ, അതുമൂലം ബഹളം വൎദ്ധിക്കയാണുണ്ടായതു്. ദന്തിവരൻഒഴിച്ചു മററുള്ള മൃഗങ്ങളെല്ലാം സംഭ്രാന്തിയോടുകൂടി അവിടെനിന്നും ഓടിക്കളഞ്ഞു. സിംഹം ദേഷ്യഭാവത്തിൽ അലറിയതു ദന്തിവരനു് അശേഷം രസിച്ചില്ല. തങ്ങൾതമ്മിൽ യോജിപ്പില്ലാതിരിക്കുമ്പോൾ തങ്ങളുടെ എല്ലാപേരുടേയും ശത്രുവായ സിംഹത്തെ സ്വാധീനപ്പെടുത്താമെന്നു വിചാരിച്ചതിനെപ്പററി അത്ഭുതപ്പെട്ടുകൊണ്ടു ദന്തിവരൻ വളരെ ഗൗരവത്തോടുകൂടി തൻെറ വാസസ്ഥലത്തേക്കു മടങ്ങി. ഇപ്രകാരം നാല്ക്കാലികളുടെ സഭ ഫലശൂന്യമായി പരിണമിച്ചു.

---


## അഗസ്ത്യരാമായണം

**കേരളഭാഷാഗദ്യം.**

(ഹാഫ്ടോൺപടങ്ങളോടുകൂടിയതു്)

സാക്ഷാൽ അഗസ്ത്യമഹൎഷിയാൽതന്നെ പറയപ്പെട്ടിട്ടുള്ളതും ശ്രീരാമചരിതം ആദ്യവസാനം അടങ്ങിയിരിക്കുന്നതും ആയ ഈ മഹാഗ്രന്ഥത്തിൽ ഇതരരാമായണങ്ങളിൽ സംഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത അനേക സംഗതികളും അത്ഭുതകഥകളും കാൎയ്യകാരണങ്ങളെ സംഘടിപ്പിച്ചു ചേൎത്തിട്ടുള്ളതും ഏററവും ലളിതമായ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതുമായ ഈ പുസ്തകം ഒന്നുക്കു വില രൂപാ 1 അണ 4 ടി ലൈബ്രറിപ്പതിപ്പു് 2 രൂപാ

മാനേജർ, വി വി പ്രസ്സ്—കൊല്ലം.